

VOL NO: 06 I ISSUE 38
www.nerpatham.com
mail@nerpatham.com
2022 SEPTEMBER 17 I ₹10

# നേർപഥം

വാരിക

## പ്രബോധന വഴിയിലെ മുള്ളും പൂവും

മയക്കുമരുന്നുമായി ബന്ധപ്പെട്ട മനം മടുപ്പിക്കുന്ന വാർത്തകളാണ് മാധ്യമങ്ങൾ ദിവസവും നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത്. അധർമത്തിന്റെ ചളിക്കുണ്ടിൽ താഴ്ന്നുകൊണ്ടിരിക്കുന്ന പുതു തലമുറക്ക് ലഹരിയിൽനിന്ന് മാത്രമെന്തിന് മോചനം എന്ന നിസ്സംഗഭാവമാണ് അധികൃതർക്കുള്ളത്. കലാലയ മുറ്റങ്ങളിൽ കിറുങ്ങി നടക്കുന്ന വിദ്യാർഥികൾ ഇരുളടഞ്ഞ നാളെയെക്കുറിച്ചാണ് ഓർമപ്പെടുത്തുന്നത്. സമൂഹം ഉറക്കം വിട്ടുണരുന്നില്ലെങ്കിൽ കുട്ടികൾക്ക് മയക്കത്തിൽ നിന്നും മോചനമുണ്ടാകാൻ പോകുന്നില്ല


# പുതുതലമുറ ലഹരിയിലലിയുന്നുവോ?

|| അവസാന ബെല്ലിനു മുമ്പ്...!

|| മനുഷ്യപ്രകൃതിയുടെ തേട്ടം

|| ഇഷ്ടം അല്ലാഹുവിനോടും റസൂലിനോടും

# പുറത്തിറങ്ങി...




WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0295

# നേർപഥം

വാരിക

2022 സെപ്തംബർ 17
1444 സ്വഫർ 20
പുസ്തകം 06 / ലക്കം 38






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur


Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി




10

## പുതുതലമുറ ലഹരിയിലലിയുന്നുവോ?

ഡോ. ഷഹബാസ് കെ. അബ്ബാസ്

05
മുഖമൊഴി
പ്രബോധന വഴിയിലെ മുള്ളും പൂവും

06
ലേഖനം
ഇൻ ശാ അല്ലാഹ്
അബ്ദുൽ മജീദ് പട്ടാമ്പി

09
നമുക്കുചുറ്റും
അവസാന ബെല്ലിനു മുമ്പ്...!
സി.പി. സലീം

18
ലേഖനം
പ്രപഞ്ചസ്രഷ്ടാവിന്റെ കാവലുള്ള ഗ്രന്ഥം
അബൂഫായിദ

20
ലേഖനം
മനുഷ്യപ്രകൃതിയുടെ തേട്ടം
പി.എൻ. അബ്ദുല്ലത്വീഫ് മദനി

22
ആരോഗ്യപഥം
മാനസിക വിമന്ദനം
ഡോ. മുനവ്വർ

24
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

26
ലേഖനം
മുസ്‌ലിം വ്യക്തിത്വം
സമീർ മുണ്ടേരി

31
ക്വുർആൻ ദർശനം
അൽജാസിയ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

34
ജാലകം
ഇഷ്ടം അല്ലാഹുവിനോടും റസൂലിനോടും
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

# പ്രബോധകർ മനം നിറഞ്ഞ് പ്രവർത്തന ഗോദയിലേക്ക്

കോഴിക്കോട്: സെപ്റ്റംബർ 10, ശനിയാഴ്ച കോഴിക്കോട്ട് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പണ്ഡിത സമിതി സംഘടിപ്പിച്ച സംസ്ഥാന പ്രബോധക സംഗമത്തിൽനിന്നും നിറഞ്ഞ മനസ്സോടെയാണ് പ്രബോധകർ പ്രവർത്തന ഗോദയിലേക്ക് തിരിച്ചുപോയത്. അബ്ദുറഹ്മാൻ അൻസാരിയുടെ സ്വാഗതത്തോടെ ക്യാമ്പിന് തുടക്കമായി. സമകാലിക ലോകത്ത് നല്ല കൂട്ടായ്മയോടൊപ്പം ചേർന്നു നിൽക്കേണ്ടതിന്റെ അനിവാര്യത പ്രമാണവും ചരിത്രവും മുന്നിൽവച്ച് വിശദീകരിച്ചുകൊണ്ടുള്ള അബൂബക്കർ സലഫിയുടെ അധ്യക്ഷ ഭാഷണം ഹൃദ്യമായി.

സമൂഹത്തിൽ ഇടപെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സമകാലിക സംഭവങ്ങളെ കോർത്തിണക്കി പ്രാമാണികമായി അവതരിപ്പിച്ചുകൊണ്ടുള്ള കുഞ്ഞിമുഹമ്മദ് മദനി പറപ്പൂരിന്റെ ഉദ്ഘാടനപ്രസംഗം പ്രബോധകർക്ക് ഉൾക്കാഴ്ച പകർന്നു നൽകുന്നതായി.

ഫിത്നയും ഫസാദും അലയടിച്ചുവരുന്ന വർത്തമാനകാലത്ത് വിശ്വാസികൾ സ്വീകരിക്കേണ്ട നിലപാട് ചരിത്രസംഭവങ്ങൾ മുന്നിൽവെച്ചുകൊണ്ട് അബ്ദുൽ ജബ്ബാർ മദീനി നിർവഹിച്ച ക്ലാസ്സ് പ്രബോധകർക്ക് ആശ്വാസവും സമാധാനവും പകർന്നു നൽകി.

കേരളത്തിൽ ഐക്യത്തോടെ നോമ്പനുഷ്ഠിക്കാനും പെരുന്നാൾ ആഘോഷിക്കാനും സാധ്യമാകുന്ന പ്രാമാണികമായ രേഖ സമർപ്പിച്ചുകൊണ്ട് അബ്ദുൽ മാലിക് സലഫി നടത്തിയ സംസാരം മാസപ്പിറവി വിഷയത്തിൽ പ്രബോധകർക്ക് ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതായിരുന്നു. വിവാഹ രംഗത്ത് യാതൊരു തത്ത്വദീക്ഷയുമില്ലാതെ വലിയ്യിനെ തേടി അലയുന്ന വർത്തമാനകാലത്ത് ആരാണ് 'വിവാഹത്തിലെ വലിയ്യ്' എന്ന് വ്യക്തത നൽകുന്ന ക്ലാസ്സായിരുന്നു മുഹമ്മദ് സ്വാദിഖ് മദീനിയുടേത്.

മഹാന്മാർക്ക് കൊടുത്ത കഴിവിൽനിന്നാണ് ഞങ്ങൾ ചോദിക്കുന്നത് എന്ന പൗരോഹിത്യ ജൽപനത്തിന്റെ അടിത്തറയിളക്കുന്നതായിരുന്നു ഫൈസൽ മൗലവിയുടെ വൈജ്ഞാനിക അവതരണം. ജെൻഡർ പൊളിറ്റിക്സിന്റെ ഭാഗമായി രൂപപ്പെട്ട LGBTQ എന്ന അക്ഷരക്കൂട്ടങ്ങൾക്കിടയിലെ അപകടം ലളിതമായി ഇസ്‌ലാമിക പ്രമാണങ്ങൾ നിരത്തി ഷബീബ് സ്വലാഹി വിശദീകരിച്ചു. അതിനുശേഷം ഓരോ വിഷയത്തെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് നിവാരണം വരുത്തിയത് അറിവുകളെ തിരിച്ചറിവുകളാക്കി മാറ്റി.

ഉച്ചക്കുശേഷം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് എന്നിവരുടെ ആമുഖ സംസാരത്തോടെ ആരംഭിച്ച 'ആദർശം, പ്രസ്ഥാനം, സംഘടന, സ്ഥാപനം' എന്നീ വിഷയങ്ങളിലുള്ള തുറന്ന ചർച്ച പ്രബോധകരെ തിരിച്ചറിവിന്റെ തീരത്തേക്ക് നയിച്ച അപൂർവ നിമിഷങ്ങളായിരുന്നു. സദസ്യരുടെ ചോദ്യങ്ങൾക്ക് അബ്ദുൽ ജബ്ബാർ മദീനി, അബൂബക്ർ സലഫി, ഫൈസൽ മൗലവി, നാസിർ ബാലുശ്ശേരി, ഹംസ മദീനി, സ്വാദിഖ് മദീനി, മുജീബുല്ല അൻസാരി എന്നിവർ മറുപടി പറഞ്ഞു.

ഏതൊരു പ്രബോധകന്റെയും സ്വകാര്യജീവിതത്തെ ഒരു പുനർവിചിന്തനത്തിന് വിധേയമാക്കാൻ ഉതകുന്നവിധം ഹംസക്കുട്ടി സലഫി നിർവഹിച്ച ഉദ്ബോധനത്തോടെ നിറഞ്ഞ മനസ്സുമായി പരസ്പരം കൈകൊടുത്ത് പ്രാർഥിച്ച് എല്ലാവരും നാടുകളിലേക്ക് മടങ്ങി. നല്ലൊരു കൂട്ടായ്മയിൽ അംഗമായ ആത്മവിശ്വാസവും സംതൃപ്തിയും ഓരോ മുഖത്തും പ്രകടമായിരുന്നു.

# പ്രബോധന വഴിയിലെ മുള്ളും പൂവും

ആദം നബി(അ) മുതൽ വ്യത്യസ്ത കാലങ്ങളിൽ വിവിധങ്ങളായ പ്രദേശങ്ങളിലേക്ക് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചത് അവന്റെ മതം പ്രബോധനം ചെയ്യുവാനാണ്. അന്തിമ പ്രവാചകനിലൂടെ പ്രവാചകത്വം അവസാനിച്ചു. എന്നാൽ ഇസ്‌ലാമിക പ്രബോധനം അവസാനിച്ചിട്ടില്ല. അവസാനിപ്പിക്കുവാനും പാടില്ല. ആ ദൗത്യം നിർവഹിക്കൽ അല്ലാഹുവും അവന്റെ ദൂതനും മുസ്‌ലിം സമുദായത്തിന്റെ ബാധ്യതയാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കർമം നിർവഹിക്കുന്നവർ ഏറ്റവും നല്ല വാക്കു പറയുന്നവരാണെന്ന് ക്വുർആൻ സന്തോഷവാർത്ത അറിയിക്കുന്നുണ്ട്: "അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്" (41:33).

മഹത്തായ കർമം, വമ്പിച്ച പ്രതിഫലം ലഭിക്കുന്ന കാര്യം. ഇങ്ങനെയുള്ള മതപ്രബോധനം ആളുകളുടെ പ്രശംസ ലഭിക്കുവാനും സ്ഥാനമാനങ്ങളും മറ്റു ഭൗതികനേട്ടങ്ങളും സ്വായത്തമാക്കുവാനുമാണ് ഒരാൾ ചെയ്യുന്നതെങ്കിൽ, അല്ലാഹുവിൽനിന്നുള്ള പ്രതിഫലം ആഗ്രഹിക്കാതെയാണെങ്കിൽ അയാൾ നഷ്ടക്കാരിൽ പെട്ടുപോകുമെന്നതിൽ സംശയമില്ല. 'നിശ്ചയമായും കർമങ്ങൾ സ്വീകരിക്കപ്പെടുന്നത് ഉദ്ദേശ്യമനുസരിച്ചാണ്. ഓരോരുത്തർക്കും അവരവർ ഉദ്ദേശിച്ചത് ലഭിക്കും' എന്ന പ്രവാചക വചനം ഇതാണ് പഠിപ്പിക്കുന്നത്.

ജനങ്ങൾ സന്മാർഗത്തിലേക്ക് കടന്നുവരണം. സ്വർഗാവകാശികളായിത്തീരണം. നരകത്തിൽനിന്ന് രക്ഷപ്പെടണം; ഇതാണല്ലോ പ്രബോധനത്തിന്റെ താൽപര്യം. തികച്ചും ഗുണകാംക്ഷാനിർഭരമായ കാര്യം. എന്നാൽ പ്രബോധകൻ ഭൗതികഗുണം മാത്രം കാംക്ഷിക്കുന്നവനായാൽ ചിത്രം മാറും. അയാൾക്ക് പ്രമാണങ്ങളെ വളച്ചൊടിക്കേണ്ടിവരും. പ്രമാണവിരുദ്ധമായ കാര്യങ്ങളെ പ്രമാണങ്ങളായി അവതരിപ്പിക്കേണ്ടിവരും.

മരണത്തിന്റെ ഭീകരതയെപ്പറ്റിയും ക്വബ്‌റിലെ ഭയാനകതയെക്കുറിച്ചും നരകത്തീയിന്റെ കാഠിന്യത്തെ സംബന്ധിച്ചും പറഞ്ഞ് ജനങ്ങളെ കരയിക്കുകയും ഭയഭക്തിയോടെ ജീവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന, ജനങ്ങൾ മഹാപണ്ഡിതന്മാരായിക്കരുതുന്ന പ്രബോധകന്മാർ തീരെ ഭയഭക്തിയില്ലാതെ, പറയുന്ന കാര്യങ്ങൾ സ്വജീവിതത്തിൽ ഒട്ടും പകർത്താതെയും ഇസ്‌ലാമിക മൂല്യങ്ങൾക്ക് വിലകൽപിക്കാതെയും ജീവിച്ചാൽ ജനങ്ങൾ അവരെ വെറുക്കുമെന്ന് മാത്രമല്ല, ഇസ്‌ലാമിന്റെ പ്രായോഗികതയിൽ സംശയമുള്ളവരായിത്തീരുകയും ചെയ്യും.

അതുകൊണ്ടുതന്നെ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന പ്രബോധകൻ സ്വജീവിതത്തിൽ നന്മകൾ ഉൾക്കൊണ്ടും തിന്മകൾ വെടിഞ്ഞും മറ്റുള്ളവർക്ക് മാതൃകയാവേണ്ടതുണ്ട്. സകല പ്രവാചകന്മാരുടെയും പ്രകടമായ സവിശേഷതയായി നമുക്ക് അത് കാണാവുന്നതാണ്. അല്ലാഹു പറയുന്നു:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവൻ എനിക്ക് അവന്റെ വകയായി ഉത്തമമായ ഉപജീവനം നൽകിയിരിക്കുകയുമാണെങ്കിൽ (എനിക്കെങ്ങനെ സത്യം മറച്ചുവെക്കാൻ കഴിയും?). നിങ്ങളെ ഞാൻ ഒരു കാര്യത്തിൽനിന്ന് വിലക്കുകയും, എന്നിട്ട് നിങ്ങളിൽനിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല. എനിക്ക് സാധ്യമായ നന്മവരുത്താനല്ലാതെ മറ്റൊന്നും ഞാനുദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) അനുഗ്രഹം ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു"(11:88).




# ഇൻ ശാ അല്ലാഹ്

അബ്ദുൽ മജീദ് പട്ടാമ്പി

മുസ്‌ലിംകൾ അവരുടെ സംസാരത്തിനിടയിൽ ആവർത്തിച്ച് ഉപയോഗിക്കുന്ന ഒരു വാക്കാണ് 'ഇൻ ശാ അല്ലാഹ്' എന്നത്. ചെയ്യാനുദ്ദേശിക്കുന്ന ഒരു കാര്യം പറയുമ്പോൾ 'അല്ലാഹു ഉദ്ദേശിച്ചാൽ' എന്നൊരു പദം ചേർക്കുന്നതിലൂടെ അല്ലാഹുവിലുള്ള വിശ്വാസത്തെ ഉദ്ഘോഷിക്കുക കൂടിയാണ് വിശ്വാസി ചെയ്യുന്നത്. ഒരു കാര്യം പറയുമ്പോൾ, അല്ലാഹുവിന്റെ ഉദ്ദേശ്യം കിട്ടിയില്ലെങ്കിൽ തനിക്കതിനു സാധിക്കില്ല എന്ന തിരിച്ചറിവിന്റെ വാക്കാണിത്. അതോടൊപ്പം, താൻ നിർവഹിക്കാം എന്ന് പറയുന്ന ഒരു കാര്യം എന്തെങ്കിലും കാരണംകൊണ്ട് നിർവഹിക്കാൻ സാധിക്കാതെ വരികയാണെങ്കിലുള്ള ഒരു ഒഴിവുകഴിവും കൂടിയാണത്.

ഇന്ന് പക്ഷേ, പലരും 'ഇൻ ശാ അല്ലാഹ്' എന്നത് ഒരു ഒഴിവുകഴിവിനു വേണ്ടി മാത്രം ഉപയോഗിക്കുന്നു എന്നത് ഖേദകരമാണ്. പലരും 'ചെയ്യാനുദ്ദേശിക്കുന്ന' കാര്യം പറയുമ്പോൾ ഈ വാക്ക് ഉപയോഗിക്കാതിരിക്കുകയും ചെയ്യാൻ ഉദ്ദേശ്യമില്ലാത്ത, സാധ്യതക്കുറവുള്ള കാര്യം പറയുമ്പോൾ മനഃപൂർവം ഉപയോഗിക്കുകയും ചെയ്യുന്നത് അതിന്റെ ആശയത്തെ തന്നെ തെറ്റിദ്ധരിക്കുവാൻ ഇടയാക്കിയിട്ടുണ്ടെന്നതാണ് വസ്തുത. ഒരാൾ ഒരു കാര്യം പറയുകയും കൂടെ ഇൻ ശാ അല്ലാഹ് എന്ന് കൂടി പറയുകയും ചെയ്താൽ, അത് നിവർത്തിക്കുവാൻ സാധ്യതയില്ലെന്ന് കേൾക്കുന്നവർ മനസ്സിലാക്കുന്ന രീതിയിൽ കാര്യം എത്തിയിരിക്കുന്നു! വിശുദ്ധ ക്വുർആനിൽ ഈ പദം ഉപയോഗിക്കപ്പെട്ടത് നമുക്ക് പരിശോധിക്കാം.

## നബി(സ)യോട് കൽപിക്കപ്പെട്ടത്

അല്ലാഹു പറയുന്നു: "യാതൊരു കാര്യത്തെപ്പറ്റിയും നാളെ ഞാനത്

തീർച്ചയായും ചെയ്യാം എന്ന് നീ പറഞ്ഞുപോകരുത്; അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ (ചെയ്യാമെന്ന്) അല്ലാതെ. നീ മറന്നുപോകുന്ന പക്ഷം (ഓർമവരുമ്പോൾ) നിന്റെ രക്ഷിതാവിനെ അനുസ്മരിക്കുക...” (18:23,24).

### മുൻപ്രവാചകന്മാർ ഉപയോഗിച്ചത്

യൂസുഫ് നബി(അ) തന്റെ മാതാപിതാക്കളും സഹോദരങ്ങളും ഈജിപ്തിലേക്ക് കടന്നുവരുന്ന അവസരത്തിൽ പറയുന്നത് നോക്കൂ: “അനന്തരം അവർ യൂസുഫിന്റെ മുമ്പാകെ പ്രവേശിച്ചപ്പോൾ അദ്ദേഹം (യൂസുഫ്) തന്റെ മാതാപിതാക്കളെ തന്നിലേക്ക് അണച്ചുകൂട്ടി. അദ്ദേഹം പറഞ്ഞു: അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം നിങ്ങൾ നിർഭയരായിക്കൊണ്ട് ഈജിപ്തിൽ പ്രവേശിച്ചുകൊള്ളുക” (12:99).

മൂസാ(അ) ഖിള്റി(അ)നോട് പറയുന്നു: “അദ്ദേഹം പറഞ്ഞു: അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം ക്ഷമയുള്ളവനായി താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. ഞാൻ താങ്കളുടെ ഒരു കൽപനയ്ക്കും എതിർ പ്രവർത്തിക്കുന്നതല്ല” (18:69).

എട്ടുവർഷത്തെ കൂലിവേല മൂസാ നബി(അ)ക്ക് തന്റെ മകളെ വിവാഹം ചെയ്തുകൊടുക്കുന്നതിനുള്ള മഹ്റായി നിശ്ചയിച്ച ശേഷം ആ പിതാവ് പറയുന്നു: “അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം നല്ലനിലയിൽ വർത്തിക്കുന്നവരിൽ ഒരാളായി നിനക്ക് എന്നെ കാണാം” (28:27).

ഇസ്മാഈൽ(അ) തന്നെ അറുക്കണമെന്ന കൽപനയെ കുറിച്ച് പറഞ്ഞ പിതാവിനോട് പറയുന്നു: “എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ: നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്” (37:102).



**ഒരു കാര്യം പറയുമ്പോൾ, അല്ലാഹുവിന്റെ ഉദ്ദേശ്യം കൂട്ടിയില്ലെങ്കിൽ തനിക്കതിനു സാധിക്കില്ല എന്ന തിരിച്ചറിവിന്റെ വാക്കാണിത്. അതോടൊപ്പം, താൻ നിർവഹിക്കാം എന്ന് പറയുന്ന ഒരു കാര്യം എന്തെങ്കിലും കാരണംകൊണ്ട് നിർവഹിക്കാൻ സാധിക്കാതെ വരികയാണെങ്കിലുള്ള ഒരു ഒഴിവുകഴിവും കൂടിയാണത്.**
**ഇന്ന് പക്ഷേ, പലരും ‘ഇൻ ശാ അല്ലാഹ്’ എന്നത് ഒരു ഒഴിവുകഴിവിനു വേണ്ടി മാത്രം ഉപയോഗിക്കുന്നു എന്നത് ഖേദകരമാണ്. പലരും ‘ചെയ്യാനുദ്ദേശിക്കുന്ന’ കാര്യം പറയുമ്പോൾ ഈ വാക്ക് ഉപയോഗിക്കാതിരിക്കുകയും ചെയ്യാൻ ഉദ്ദേശ്യമില്ലാത്ത, സാധ്യതക്കുറവുള്ള കാര്യം പറയുമ്പോൾ മനഃപൂർവം ഉപയോഗിക്കുകയും ചെയ്യുന്നത് അതിന്റെ ആശയത്തെ തന്നെ തെറ്റിദ്ധരിക്കുവാൻ ഇടയാക്കിയിട്ടുണ്ടെന്നതാണ് വസ്തുത.**

### ഇസ്റാഈല്യരും ബഹുദൈവാരാധകരും ഇത് ഉപയോഗിച്ചിട്ടുണ്ട്

പശുവിനെ അറുക്കുവാനുള്ള കൽപന അറിയിച്ചപ്പോൾ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഒഴിഞ്ഞുമാറാൻ ശ്രമിച്ച ബനൂഇസ്റാഈലുകാർ പറയുന്നു: “അവർ പറഞ്ഞു: അത് ഏതു തരമാണെന്ന് ഞങ്ങൾക്ക് വ്യക്തമാക്കിത്തരാൻ നിന്റെ രക്ഷിതാവിനോട് ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കുക. തീർച്ചയായും പശുക്കൾ പരസ്പരം സാദൃശ്യമുള്ളതായി ഞങ്ങൾക്ക് തോന്നുന്നു. അല്ലാഹു ഉദ്ദേശിച്ചാൽ അവന്റെ മാർഗനിർദേശപ്രകാരം തീർച്ചയായും ഞങ്ങൾ പ്രവർത്തിക്കാം” (2:70).

“ആ ബഹുദൈവാരാധകർ പറഞ്ഞേക്കും: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ, ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്കുചേർക്കുമായിരുന്നില്ല; ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നുമില്ല എന്ന്...” (6:148).

ഇവിടെയെല്ലാം ഒരു പ്രവൃത്തി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടല്ല, അവരുടെ തിന്മക്ക് അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ പഴിചാരാനാണ് അവർ ശ്രമിക്കുന്നത്.

നബി(സ്വ)യുടെ ജീവിതത്തിൽ അദ്ദേഹം ഒരു കാര്യം ചെയ്യാം എന്ന് പറയുമ്പോൾ ഇൻ ശാ



**ചെയ്യാനുദ്ദേശിക്കാത്ത ഒരു കാര്യത്തിന് ഇൻ ശാ അല്ലാഹ് എന്ന് പറയുന്നത് അല്ലാഹുവിനെ അനാദരിക്കലാണ്. നമ്മൾ യാതൊരു പരിശ്രമവും ചെയ്യാതെ ഒരു കാര്യം നടക്കാതെ പോയാൽ, നമ്മുടെ ന്യായം അല്ലാഹുവിന്റെ വിധി ഉണ്ടായില്ല എന്നാണ്. അഥവാ നമ്മുടെ അലസതക്ക് നാം അല്ലാഹുവിന്റെ വിധിയെ പഴിചാരുന്നു. നാം ഒരു കാര്യത്തിന് വേണ്ടി പരിശ്രമിക്കാതെ അത് അല്ലാഹു ഏറ്റെടുക്കുകയില്ലല്ലോ. സാധ്യമല്ലാത്ത കാര്യങ്ങൾ ഏറ്റെടുക്കരുത്. തനിക്കതിനു സാധിക്കില്ല എന്ന വസ്തുത മുഷിപ്പിക്കാതെ തുറന്നു പറയുകയാണ് വേണ്ടത്. അത് പരിശീലിച്ചെടുക്കുക തന്നെ വേണം.**

അല്ലാഹ് എന്ന് ചേർത്ത് പറഞ്ഞിരുന്നു. ഒരു ഹദീസ് നോക്കുക. ഇത്ബാൻ ബിൻ മാലിക്(റ) പറയുന്നു: "ഞാൻ എന്റെ ഗോത്രമായ ബനീ സാലിമിലെ ആളുകൾക്ക് ഇമാമായി നമസ്കരിക്കാറുണ്ടായിരുന്നു. നബി(സ്വ)യുടെ അടുത്തു ചെന്ന് ഞാൻ പറഞ്ഞു: 'എനിക്ക് എന്റെ കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. മഴവെള്ളം ഒഴുകുന്നതിന്റെ കൂടി കാരണത്താൽ എന്റെ ജനങ്ങളുടെ പള്ളിയിലേക്ക് എനിക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. താങ്കൾ വന്നു എന്റെ വീട്ടിൽവെച്ച് നമസ്കരിക്കുകയും ആ സ്ഥലം എനിക്ക് പള്ളിയായി ഉപയോഗിക്കുകയും ചെയ്യാമല്ലോ.' നബി(സ്വ) പറഞ്ഞു: 'ശരി, ഞാൻ വരാം, ഇൻ ശാ അല്ലാഹ്.' അടുത്ത ദിവസം നബി(സ്വ)യും അബൂബക്റും(റ) വരികയും അപ്രകാരം എന്റെ വീട്ടിൽ നമസ്കരിക്കുകയും ചെയ്തു" (ബുഖാരി:839, നസാഈ:1327).

**ശപഥങ്ങളിൽ ഇളവ് ലഭിക്കും**

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ശപഥം ചെയ്യുന്ന അവസരത്തിൽ ഇൻ ശാ അല്ലാഹ് എന്ന് ചേർത്ത് പറയുകയാണെങ്കിൽ അത് നിവർത്തിച്ചിട്ടില്ലെങ്കിലും അവനതിൽ സത്യലംഘനം വരുന്നില്ല. അഥവാ സത്യം ചെയ്യുമ്പോൾ ഇൻ ശാ അല്ലാഹ് പറഞ്ഞാൽ സത്യലംഘനത്തിന്റെ പ്രായശ്ചിത്തത്തിൽ ഇളവുണ്ട്" (ഇബ്നുമാജ: 2105).

**പറയുന്നതുകൊണ്ടുള്ള നേട്ടങ്ങൾ**

ഒരു കാര്യം സത്യം ചെയ്തു പറഞ്ഞുകഴിഞ്ഞാൽ അത് എന്തെങ്കിലും കാരണംകൊണ്ട് സാധിക്കാതിരുന്നാൽ സത്യലംഘനത്തിനു പിഴയുണ്ട്. ഇൻ ശാ അല്ലാഹ് എന്ന് പറയുന്നതിലൂടെ അതിന് ഇളവ് ലഭിക്കുന്നു. അല്ലാഹുവിന്റെ വിധി പ്രകാരം ഒരു കാര്യം നടക്കാതിരുന്നാൽ അതിൽ ഖേദം തോന്നാതിരിക്കുവാൻ ഇത് സഹായിക്കും. അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് പറഞ്ഞാണല്ലോ നാം തീരുമാനിച്ചത്, ഇതിന് അല്ലാഹുവിന്റെ ഉദ്ദേശ്യം ഇല്ല എന്ന് സമാധാനിക്കുവാൻ സാധിക്കും. ചെയ്യാനുദ്ദേശിക്കുന്ന കാര്യത്തിന് അല്ലാഹുവിന്റെ അനുമതി തേടലാണത്.

**പറയുമ്പോൾ ശ്രദ്ധിക്കേണ്ടത്**

ചെയ്യാനുദ്ദേശിക്കാത്ത ഒരു കാര്യത്തിന് ഇൻ ശാ അല്ലാഹ് എന്ന് പറയുന്നത് അല്ലാഹുവിനെ അനാദരിക്കലാണ്. നമ്മൾ യാതൊരു പരിശ്രമവും ചെയ്യാതെ ഒരു കാര്യം നടക്കാതെ പോയാൽ, നമ്മുടെ ന്യായം അല്ലാഹുവിന്റെ വിധി ഉണ്ടായില്ല എന്നാണ്. അഥവാ നമ്മുടെ അലസതക്ക് നാം അല്ലാഹുവിന്റെ വിധിയെ പഴിചാരുന്നു. നാം ഒരു കാര്യത്തിന് വേണ്ടി പരിശ്രമിക്കാതെ അത് അല്ലാഹു ഏറ്റെടുക്കുകയില്ലല്ലോ.

ചെയ്യാനുദ്ദേശിക്കാത്ത ഒരു കാര്യം ചെയ്യാം എന്ന് പറയുമ്പോൾ, നാം പറയുന്നത് കളവാണ്. കളവു പറയുന്നതിന്റെ ഗൗരവം നമുക്കറിയാം. അതിൽ നിന്നും രക്ഷപ്പെടാൻ എന്ന രീതിയിൽ ഇൻ ശാ അല്ലാഹ് ഉപയോഗിക്കുന്നത് ശരിയാണോ?

ഇബ്നു റജബ് (റഹി) പറഞ്ഞു: "ഒരാൾ ഒരു കാര്യം ചെയ്യുകയില്ല എന്ന ഉദ്ദേശത്തോടെതന്നെ അക്കാര്യം ചെയ്യുമെന്ന് ഇൻ ശാ അല്ലാഹ് ചേർത്തി പറയുകയാണെങ്കിൽ അവൻ കളവു പറയുകയും സത്യലംഘനം നടത്തുകയും ചെയ്തു. (ജാമിഉ ഉലൂം വൽഹുക്മ് 2 /482,483). ചെയ്യാനുദ്ദേശിക്കാത്ത ഒരു കാര്യം ചെയ്യാമെന്ന് പറയുകയും, ചെയ്യാതിരിക്കുന്നതിനു പിന്നീട് ഒരു ന്യായീകരണത്തിനു വേണ്ടി മാത്രം ഇൻ ശാ അല്ലാഹ് എന്ന് പറയുകയും ചെയ്യുന്നത് ഗൗരവമുള്ള വിഷയമാണ്.

**പറ്റില്ലെങ്കിൽ 'ഇല്ല' എന്നു പറയണം**

പലപ്പോഴും ഇപ്രകാരം പറയേണ്ടിവരുന്നത് മറ്റൊരാളോട് തനിക്ക് ഒരു കാര്യം നിർവഹിക്കുക സാധ്യമല്ല എന്ന് പറയാൻ കഴിയാത്തതുകൊണ്ടാണ്. സാധ്യമല്ലാത്ത കാര്യങ്ങൾ ഏറ്റെടുക്കരുത്. തനിക്കതിനു സാധിക്കില്ല എന്ന വസ്തുത മുഷിപ്പിക്കാതെ തുറന്നു പറയുകയാണ് വേണ്ടത്. അത് പരിശീലിച്ചെടുക്കുക തന്നെ വേണം. ■



# അവസാന ബെല്ലിനു മുമ്പ്...!

സി.പി. സലീം
: 94972 95049

നമ്മുടെ ജീവിതത്തിൽ നാമോരോരുത്തരും അറിഞ്ഞിരിക്കേണ്ടതും അതോടൊപ്പം നാം അന്വേഷിച്ചു കൊണ്ടിരിക്കുന്നതുമായ സുപ്രധാനമായ ഒരു ചോദ്യത്തിന്റെ ഉത്തരം തൃപ്തികരമായി മനസ്സിലാക്കുക എന്നത് നമ്മുടെ ജീവിതത്തിൽ നിത്യസംതൃപ്തിയും ലക്ഷ്യബോധവും ഉണ്ടാകാൻ നമ്മെ സഹായിക്കും. ആ ചോദ്യമിതാണ്; 'എന്തിന് ജീവിക്കുന്നു?'

അങ്ങനെ ഒരു ചോദ്യം നമ്മോട് ഒരാൾ ചോദിച്ചാൽ എന്തായിരിക്കും നമ്മുടെ മറുപടി? 'വെറുതെ' എന്നാണെങ്കിൽ ആ ഉത്തരം ശരിയല്ല. ഏതൊരു പ്രവർത്തനത്തിന്റെയും ലക്ഷ്യം ആ പ്രവർത്തനത്തിന് അപ്പുറത്തായിരിക്കണം. അപ്പോൾ ജീവിതമാകുന്ന പ്രതിഭാസത്തിന്റെ ലക്ഷ്യം ഇതിനപ്പുറത്തായിരിക്കണം. ആ ലക്ഷ്യം നമുക്ക് ആരു പറഞ്ഞുതരും? പലരും പറഞ്ഞിട്ടുണ്ട്. പക്ഷേ, അതൊന്നും യഥാർഥ മറുപടിയായിട്ടില്ല. കാരണം അത് പറയുന്ന മനുഷ്യനും പരിധികളും പരിമിതികളുമുള്ളവനാണ്. ചിന്തയിൽ മാറ്റങ്ങൾ സംഭവിക്കുന്നവനാണ്.


ജീവിത ലക്ഷ്യമായി ഇന്ന് ഒരു കാര്യം കണ്ടെത്തിയാൽ നാളെ അത് മാറ്റിപ്പറയാൻ സാധ്യതയേറെയാണ്. അതുകൊണ്ടുതന്നെ അതു പറഞ്ഞുതരാൻ യോഗ്യതയുള്ളത് എല്ലാറ്റിന്റെയും സ്രഷ്ടാവായ അല്ലാഹുവിനാണ്. അവൻ എല്ലാവരെയും പരിചയമുള്ള ലോകത്തിന്റെ നാഥനാണ്. ആ അല്ലാഹു ചോദിക്കുന്നു: "മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽ കഴിഞ്ഞുപോയിട്ടുണ്ടോ?" (ക്വുർആൻ 76:1). ഉണ്ട് എന്ന് മാത്രം ഉത്തരം പറയാൻ പറ്റുന്ന ഒരു ചോദ്യമാണിത്. 100 കൊല്ലങ്ങൾക്കു മുമ്പ് ഞാനും നിങ്ങളും എവിടെയായിരുന്നു? ഇല്ലാത്ത ഒരു അവസ്ഥ എന്റെയും നിങ്ങളുടെയും മേൽ കഴിഞ്ഞു പോയിട്ടില്ലേ എന്നാണ് ചോദ്യം. രണ്ടുവർഷം കഴിഞ്ഞ് ജനിക്കാൻ പോകുന്ന കുട്ടി ഇപ്പോൾ എവിടെയാണ്?

എന്നിട്ട് അല്ലാഹു പറയുന്നു: "കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം; അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു" (76:2).

അതെ, ഈ ജീവിതം ഒരു പരീക്ഷണമാണ്. 'ഇതെന്തൊരു പരീക്ഷണമാണ്' എന്ന് ജീവിതത്തിൽ ഒരിക്കലെങ്കിലും പറഞ്ഞുപോകാത്തവരുടെ എണ്ണം വിരളമായിരിക്കും. കാരണം പൂർണസംതൃപ്തിയും പൂർണസമാധാനവും ജീവിതത്തിന്റെ ഒരു മേഖലയിലും നാമാരും അനുഭവിക്കുന്നില്ല. പണമില്ലാത്തവർ വിചാരിക്കും പണമുണ്ടായാൽ സമാധാനം ഉണ്ടാകുമെന്ന്. പണമുള്ളവർ വിചാരിക്കുന്നു പണമുണ്ടായിട്ട് എന്ത് കാര്യം, ഇത്തിരി സമാധാനം ഇല്ലല്ലോ എന്ന്. അപ്പോൾ സമാധാനത്തിന്റെ മാനദണ്ഡം ജീവിതം പരീക്ഷണമാണ് എന്ന് മനസ്സിലാക്കി പ്രവർത്തിക്കലാണ്. നമുക്ക് സൗകര്യങ്ങളും സമ്പത്തുമുണ്ടെങ്കിൽ അത് ഒരു പരീക്ഷണമാണ്. അത് ഇല്ലാത്ത അവസ്ഥയാണെങ്കിൽ ആ ഇല്ലാത്ത അവസ്ഥയും മറ്റൊരു പരീക്ഷണമാണ്. അങ്ങനെ പരീക്ഷിക്കുവാൻ വേണ്ടിയാണ് നമ്മെയെല്ലാം സൃഷ്ടിച്ചത് എന്ന് ലോകത്തിന്റെ സ്രഷ്ടാവ് പറയുന്നു.

ഇഹലോകത്ത് നടക്കുന്ന പരീക്ഷകൾക്കെല്ലാം റിസൾട്ട് വരാറുണ്ട്. ജീവിതമാകുന്ന പരീക്ഷ കഴിഞ്ഞാലും റിസൾട്ട് വേണം. അത് ജീവിതത്തിന്റെ അനിവാര്യമായ താൽപര്യമാണ്. മരണമാണ് ഈ പരീക്ഷയുടെ അവസാന ബെൽ, അതോടുകൂടി റിസൾട്ടിന്റെ ലോകം ആരംഭിക്കുകയാണ്. അത്തരമൊരു അവസ്ഥ എല്ലാവർക്കും വരാനുണ്ട്. അവിടെയാണ് അതാണ് യഥാർഥ ജീവിതം. ആ ജീവിതത്തിൽ രക്ഷപ്പെടാൻ ഈ ലോക ജീവിതത്തെ പരീക്ഷണമായി കാണുക. പരീക്ഷാഹാളിൽ ഒരു വിദ്യാർഥിക്ക് സമാധാനമുണ്ടാകുക പരീക്ഷ നന്നായി എഴുതുമ്പോഴാണ്. ജീവിതമാകുന്ന പരീക്ഷ നാം ഇവിടെ അനുഭവിക്കുമ്പോൾ സമാധാനം ലഭിക്കുന്നത്, ആ പരീക്ഷയോടു കൂറുപുലർത്തി നന്മചെയ്യുമ്പോൾ, തിന്മകളിൽനിന്ന് വിട്ടുനിൽക്കുമ്പോൾ, ജനങ്ങൾക്ക് ഉപകാരം ചെയ്യുമ്പോൾ, ലോകത്തിന്റെ സ്രഷ്ടാവിനെ മാത്രം ആരാധിക്കുമ്പോൾ, മനസ്സിലാക്കിയ സത്യം ജനങ്ങളിലേക്ക് എത്തിച്ചുകൊടുക്കുമ്പോൾ ആണ്.

കവർ സ്റ്റോറി





# പുതുതലമുറ ലഹരിയിലലിയുന്നുവോ?

ഡോ. ഷഹബാസ് കെ. അബ്ബാസ്
: 95449 08473

**മയക്കുമരുന്നുമായി ബന്ധപ്പെട്ട മനം മടുപ്പിക്കുന്ന വാർത്തകളാണ് മാധ്യമങ്ങൾ ദിവസവും നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത്. അധർമത്തിന്റെ ചളിക്കുണ്ടിൽ താഴ്ന്നുകൊണ്ടിരിക്കുന്ന പുതുതലമുറക്ക് ലഹരിയിൽനിന്ന് മാത്രമെന്തിന് മോചനം എന്ന നിസ്സംഗ ഭാവമാണ് അധികൃതർക്കുള്ളത്. കലാലയ മുറ്റങ്ങളിൽ കിറുങ്ങി നടക്കുന്ന വിദ്യാർഥികൾ ഇരുളടഞ്ഞ നാളെയെക്കുറിച്ചാണ് ഓർമപ്പെടുത്തുന്നത്. സമൂഹം ഉറക്കം വിട്ടുണരുന്നില്ലെങ്കിൽ കുട്ടികൾക്ക് മയക്കത്തിൽ നിന്നും മോചനമുണ്ടാകാൻ പോകുന്നില്ല**

‘ചീരയും കാബേജും മറ്റു പച്ചക്കറികളും പോലെ ഭൂമിയിൽ വിത്ത് വീണു മുളച്ചുണ്ടാകുന്ന ഒന്നാണ് സാറേ, കഞ്ചാവ്’ എന്ന്, പിടിക്കപ്പെട്ടപ്പോൾ പോലീസ് സ്റ്റേഷനിൽവെച്ച് പ്രമുഖ ഇൻസ്റ്റഗ്രാം വ്ളോഗർ പറഞ്ഞ ഡയലോഗും, ‘കള്ള് കുടിച്ചാൽ കരള് പോകും, സിഗരറ്റ് വലിച്ചാൽ ശ്വാസകോശവും, എന്നാൽ കഞ്ചാവ് ഉപയോഗിച്ചാൽ ഏത് അവയവമാണ് അപകടത്തിലാവുക’ എന്ന വിദ്യാർഥികളുടെ ഭാഗത്തുനിന്നുള്ള ന്യായീകരണവുമെല്ലാം നമ്മോട് പറയുന്ന ചില വസ്തുതകളുണ്ട്. അതെ, മയക്കുമരുന്നിനെ വളരെ ലാഘവത്തോടെ സ്വാഭാവികവൽക്കരിക്കാനുള്ള ശ്രമങ്ങൾ നാൾക്കുനാൾ വർധിക്കുകയാണ്. ഒരിക്കലും മദ്യത്തോടോ പുകവലിയോടോ മറ്റേതെങ്കിലും ലഹരി



വസ്തുക്കളോടോ തുലനം ചെയ്ത് കാണാവുന്ന ഒന്നേ അല്ല മയക്കുമരുന്നുകളും അവയുടെ ഉപയോഗവും. ഉപയോഗിക്കുന്ന മനുഷ്യന്റെ ശരീരത്തിനെയും മനസ്സിനെയും അക്ഷരാർഥത്തിൽ കാർന്നുതിന്നുന്ന, കുടുംബപരമായും സാമൂഹ്യപരമായും സാമ്പത്തികമായുമെല്ലാം വലിയ വലിയ നഷ്ടങ്ങളുടെ കണക്കുകൾ മാത്രം നിരത്താൻ കഴിയുന്ന അതിമാരകമായ വില്ലനാണ് മയക്കുമരുന്ന്. മുമ്പൊക്കെ വലിയ കോളേജ് ക്യാമ്പസുകളുടെ ആരും കാണാത്ത മൂലകളിൽ, അവിടെയുള്ള ഏറ്റവും സീനിയറായ വിദ്യാർഥികളിലായിരുന്നു ഇവയുടെ ഉപയോഗം ഉണ്ടായിരുന്നതെങ്കിൽ, ഇന്ന് നാട്ടിൻപുറത്തെ സ്കൂളിലെ ഏഴാം ക്ലാസ്സുകാരനും ഒമ്പതാം ക്ലാസ്സുകാരിയുംവരെ ഇവയുടെ വിശാലമായ കണ്ണിയിലെ അംഗങ്ങളാണ്.

മയക്കുമരുന്നുമായി ബന്ധപ്പെട്ട കണക്കുകൾ എല്ലാകാലത്തും ഞെട്ടിക്കുന്നതാണ്. കേരളത്തിൽ കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ 21 വയസ്സിന് താഴെയുള്ള 4000 ത്തോളം കുട്ടികളെയാണ് മയക്കുമരുന്നിന്റെ ഉപയോഗം കാരണം വിവിധ ഡിഅഡിക്ഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ചിട്ടുള്ളത് എന്നും, അതിൽ 40% പേരും 18 വയസ്സിന് താഴെയുള്ളവരുമാണ് എന്നുമുള്ള കണക്കുകൾ ഈയിടെ അവതരിപ്പിക്കപ്പെട്ടത് കേരള നിയമസഭയിലാണ്. കക്ഷിരാഷ്ട്രീയ ഭേദമന്യെ ഈ വിഷയത്തിന്റെ ഗൗരവം എല്ലാവരും ഒന്നിച്ച് ഉൾക്കൊണ്ടു എന്നത് വളരെയധികം പ്രതീക്ഷ നൽകുന്നതാണ്. വളരെ അടിയന്തിരമായിത്തന്നെ അതിശക്തമായ പ്രതിരോധപദ്ധതികളും ബോധവൽക്കരണവും ആസൂത്രണം ചെയ്ത് ഈ വിപത്തിന് അറുതിവരുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

**മയക്കുമരുന്നുമായി ബന്ധപ്പെട്ട കണക്കുകൾ എല്ലാകാലത്തും ഞെട്ടിക്കുന്നതാണ്. കേരളത്തിൽ കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ 21 വയസ്സിന് താഴെയുള്ള 4000 ത്തോളം കുട്ടികളെയാണ് മയക്കുമരുന്നിന്റെ ഉപയോഗം കാരണം വിവിധ ഡിഅഡിക്ഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ചിട്ടുള്ളത് എന്നും, അതിൽ 40% പേരും 18 വയസ്സിന് താഴെയുള്ളവരുമാണ് എന്നുമുള്ള കണക്കുകൾ ഈയിടെ അവതരിപ്പിക്കപ്പെട്ടത് കേരള നിയമസഭയിലാണ്. കക്ഷിരാഷ്ട്രീയ ഭേദമന്യെ ഈ വിഷയത്തിന്റെ ഗൗരവം എല്ലാവരും ഒന്നിച്ച് ഉൾക്കൊണ്ടു എന്നത് വളരെയധികം പ്രതീക്ഷ നൽകുന്നതാണ്. വളരെ അടിയന്തിരമായിത്തന്നെ അതിശക്തമായ പ്രതിരോധപദ്ധതികളും ബോധവൽക്കരണവും ആസൂത്രണം ചെയ്ത് ഈ വിപത്തിന് അറുതി വരുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്.**

## പുതിയ ഇനങ്ങൾ, രൂപങ്ങൾ

കുറച്ചുകാലം മുമ്പുവരെ കഞ്ചാവ് മാത്രമായിരുന്നു ഈ കൂട്ടത്തിൽ ഭൂരിഭാഗം പേർക്കും പരിചിതനെങ്കിൽ, ഇന്ന് പുതിയ പുതിയ നാമങ്ങളിൽ, കോഡുകളിൽ 'അതിവേഗം ബഹുദൂരം' ഈ ശൃംഖല 'എല്ലാം ശരിയാക്കിക്കൊണ്ട്' മുന്നോട്ട് പോവുകയാണ്. എം.ഡി.എം.എ, എൽ.എസ്.ഡി, കൊക്കെയ്ൻ, മാജിക് മഷ്റൂം, മോർഫിൻ, ഹാഷിഷ്, ഹെറോയിൻ, ബ്രൗൺ ഷുഗർ, ആംഫെറ്റാമിൻ, ഫെന്റാനിൽ, മെത്തഡോൺ, പോച്ച, വീഡ് തുടങ്ങി വ്യത്യസ്ത രൂപങ്ങളിലും ബ്രാൻഡ് നെയ്മുകളിലും മയക്കുമരുന്നുകൾ ഇന്ന് പെട്ടിക്കടകളിൽപോലും സുലഭമാണ്. പൗഡറായും ഗുളികയായും ഇഞ്ചക്ഷന്റെയും സ്റ്റാമ്പിന്റെയും പുകയുടെയുമെല്ലാം രൂപത്തിലും ഒരുപാട് വിദ്യാർഥികൾ ഇവ ഉപയോഗിച്ചുവരുന്നു.

എം.ഡി.എം.എ മാത്രം ഉദാഹരണമായി എടുക്കാം. ഭൂരിഭാഗവും ക്രിസ്റ്റൽ രൂപത്തിലുള്ള മെതിലിൻ ഡയോക്സി മെതാംഫെറ്റമിൻ എന്ന ഈ ഭീകരൻ, ഉപയോഗിക്കുന്നവർക്കിടയിൽ പല പേരുകളിലും അറിയപ്പെടുന്നുണ്ട്. മോളി, ഐസ്മെത്ത്, കല്ല്, പൊടി, കൽക്കണ്ടം, ക്രിസ്റ്റൽ മെത്ത്, ക്രിസ്റ്റൽ,

**മയക്കുമരുന്നിന്റെ ഉപയോഗം മാനസികവും ശാരീരികവുമായ വിവിധ ങ്ങളായ പ്രശ്നങ്ങളിലേക്കാണ് യഥാർഥത്തിൽ വഴിനടത്തുന്നത്. കൗതു കത്തിന് വേണ്ടിയോ കൂട്ടുകാരുടെ കൂട്ടത്തിൽ ആളാവാൻ വേണ്ടിയോ അന്ധമായ അനുകരണത്തിലൂടെയോ ആദ്യമായി ഒരു തവണ ഉപയോഗിക്കു ന്നതിലൂടെ അവർ അറിയാതെ തന്നെ അവയ്ക്ക് അഡിക്റ്റ് ആവുകയാണ്. മാനസികമായ പ്രശ്നങ്ങൾ: കഠിനമായ ഉത്കണ്ഠ, ഓർമക്കുറവ്, സ്ഥലകാ ലബോധം നഷ്ടപ്പെടുന്ന അവസ്ഥ, പരിഭ്രാന്തി, നിരാശ/വിഷാദരോഗം, ഉന്മാദരോഗങ്ങൾ, ആത്മഹത്യാപ്രവണത തുടങ്ങി വിവിധങ്ങളായ മാനസിക പ്രശ്നങ്ങളുണ്ടാക്കുന്നു. ദൈനംദിന ഉപയോഗവും ഉയർന്ന വീര്യമുള്ള കഞ്ചാവിന്റെ ഉപയോഗവും ഡിസ്തൈമിയയും സ്കീസോഫ്രീനിയയുമ ടക്കമുള്ള മറ്റു മാനസിക വൈകല്യങ്ങളും വികസിപ്പിക്കാനുള്ള ഉയർന്ന സാധ്യതയുണ്ടെന്ന് ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നു.**

ഗ്ലാസ്, ഷാർഡ്, ബ്ലൂ, ഐസ്, സ്പീഡ് എന്നിങ്ങനെ വിവിധ പേരുകൾ. മുമ്പ് വളരെ അപൂർവമായി മാത്രം ലഭിച്ചിരുന്ന ഇവയ്ക്ക് ഇന്ന് ഇന്ത്യൻ വിപണിയിൽ ലക്ഷങ്ങളാണ് മതി പ്പുവില. രാജ്യാന്തര വിപണിയിൽ കോടികളും. കേവലം ഒരു ഗ്രാം എംഡിഎംഎ, ഒരു വ്യക്തിയിൽ 16 മുതൽ 24 മണിക്കൂർവരെ ഒരു പ്രത്യേക ഉണർവും ഊർജസ്വലത യും അക്രമാസക്തമായ മനോഭാ വവും ഉണ്ടാക്കും. 'പാർട്ടി ഡ്രഗ്' എന്നറിയപ്പെടുന്ന ഇവ അതിയായ ആഹ്ലാദവും ചെയ്യുന്ന പ്രവൃത്തി തന്നെ വീണ്ടും വീണ്ടും ചെയ്യാ നുള്ള തോന്നലുകളും ഉണ്ടാക്കി ആദ്യ ഉപയോഗത്തിൽതന്നെ ആ വ്യക്തിയെ അവയുടെ അടിമ യാക്കാൻ മാത്രം പ്രഹരശേഷിയു ള്ളവയാണ്.

**ഇവൻ അത്ര നിസ്സാരനല്ല!**


മയക്കുമരുന്നിന്റെ ഉപയോഗം മാനസികവും ശാരീരികവുമായ വി വിധങ്ങളായ പ്രശ്നങ്ങളിലേക്കാ ണ് യഥാർഥത്തിൽ വഴിനടത്തു ന്നത്. കൗതുകത്തിന് വേണ്ടിയോ കൂട്ടുകാരുടെ കൂട്ടത്തിൽ ആളാ വാൻ വേണ്ടിയോ അന്ധമായ അനുകരണത്തിലൂടെയോ ആദ്യ മായി ഒരു തവണ ഉപയോഗിക്കുന്ന തിലൂടെ അവർ അറിയാതെ തന്നെ അവയ്ക്ക് അഡിക്റ്റ് ആവുകയാണ്.

*മാനസികമായ പ്രശ്നങ്ങൾ:* കഠിനമായ ഉത്കണ്ഠ, ഓർമക്കു വ്, സ്ഥലകാലബോധം നഷ്ടപ്പെടു ന്ന അവസ്ഥ, പരിഭ്രാന്തി, നിരാശ/ വിഷാദരോഗം, ഉന്മാദരോഗങ്ങൾ, ആത്മഹത്യാപ്രവണത തുടങ്ങി വിവിധങ്ങളായ മാനസിക പ്രശ്ന ങ്ങളുണ്ടാക്കുന്നു. ദൈനംദിന ഉപ യോഗവും ഉയർന്ന വീര്യമുള്ള കഞ്ചാവിന്റെ ഉപയോഗവും ഡി സ്തൈമിയയും സ്കീസോഫ്രീ നിയയുമടക്കമുള്ള മറ്റു മാനസിക വൈകല്യങ്ങളും വികസിപ്പിക്കാ നുള്ള ഉയർന്ന സാധ്യതയുണ്ടെ ന്ന് ഗവേഷണങ്ങൾ ചൂണ്ടിക്കാ ണിക്കുന്നു.

*ശാരീരിക പ്രശ്നങ്ങൾ:* ഒരു സാധാരണ പുകവലിക്കാരനു ണ്ടാകുന്ന ശ്വാസകോശസംബ ന്ധമായ പ്രശ്നങ്ങളുടെ എത്രയോ മടങ്ങ് പ്രയാസങ്ങളാണ് ഇവ ശ്വ സിക്കുന്നതിലൂടെ ഉണ്ടാക്കുന്നത്. രക്തസമ്മർദത്തിലെ വ്യതിയാനം, അസാധാരണമായ ഹൃദയമിടിപ്പ്, തകർന്ന സിരകൾ തുടങ്ങി വിവിധ കാരണങ്ങളാൽ ഹൃദയാഘാതം വരെയുണ്ടാക്കി മയക്കുമരുന്ന് പ്ര ത്യക്ഷമായും പരോക്ഷമായും ഹൃ ദയത്തെ ബാധിക്കുന്നു. ഇൻട്രാ വീനസ് (itnra venous) ആയി ഇവ ഉപയോഗിക്കുന്നവർക്ക് sexuallyt ransmitted diseaseകൾ ഉണ്ടാവാൻ സാധ്യത കൂടുതലാണ്. പ്ലാസന്റ യിലൂടെയും മുലപ്പാലിലൂടെയും കഞ്ചാവിലെ വിഷവസ്തുക്കൾ അമ്മ യിൽനിന്ന് കുഞ്ഞിലേക്ക് പ്രവേശി ച്ച് ദോഷഫലങ്ങൾ ഉണ്ടാക്കുന്നു. പൂർണമായും ശരീരം വിട്ടൊഴി യാൻ ഏകദേശം ഒരുമാസമെടു ക്കുന്നതുകൊണ്ട് ചെറിയ അള വിൽ വല്ലപ്പോഴുമുള്ള ഉപയോഗം പോലും നീണ്ടുനിൽക്കുന്ന ദോഷ ഫലങ്ങൾക്ക് ഇടയാക്കും. മദ്യപാ നം കൂടിയുണ്ടെങ്കിൽ കഞ്ചാവ് മൂ ലമുള്ള ദോഷഫലങ്ങൾ വളരെ വർധിക്കും. ഈ രൂപത്തിൽ ശരീ രത്തിലെ ഓരോ അവയവങ്ങളെ യും വ്യത്യസ്തമായ രൂപത്തിലും തോതിലുമാണ് ഇവ ബാധിക്കു ന്നത് എന്ന് ചുരുക്കം.

*പ്രവർത്തനരീതി:* കഞ്ചാവിലും അനുബന്ധ ഉൽപന്നങ്ങളിലും അടങ്ങിയിരിക്കുന്ന ഉഗ്രവസ്തുക്കൾ കനാബിനോയിഡുകൾ എന്ന റിയപ്പെടുന്നു. അവയിൽ ടെട്രാ ഹൈഡ്രോ കനാബിനോൾ (THC) ആണ് ഏറ്റവും പ്രധാനമായ വി ഷവസ്തു. ടി.എച്ച്.സിയുടെ അളവ് വിവിധതരം കഞ്ചാവുൽപന്നങ്ങ ളിൽ വ്യത്യസ്തമാണ്. ചരസിലും ഹാഷിഷ് ഓയിലിലുമാണ് ടി.എ ച്ച്.സിയുടെ അളവ് ഏറ്റവുമധികം കാണപ്പെടുന്നത്.

ഹെറോയിൻ പോലുള്ള മയ ക്കുമരുന്നുകൾ നമ്മുടെ ശരീര ത്തിലെ ന്യൂറോ ട്രാൻസ്മിറ്ററുകളെ





(neurtoransmitter) അനുകരിക്കുകയും, അസാധാരണമായ ചില സിഗ്നലുകളെ ഉത്തേജിപ്പിച്ചു വിടുകയും ചെയ്യുന്നു. ചില മയക്കുമരുന്നുകൾ അമിതമായി ന്യൂറോട്രാൻസ്മിറ്ററുകൾ ഉൽപാദിപ്പിക്കുകയും ഇത് സിഗ്നലുകളുടെ സഞ്ചാരത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സാധാരണയായി ഒരു വ്യക്തിക്ക് സന്തോഷമുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ ചെറിയതോതിൽ വർധിക്കുന്ന ഈ ന്യൂറോ ട്രാൻസ്മിറ്ററുകൾ മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്ക് വളരെയധികം വർധിക്കുകയും അതുമൂലം 'ലഹരി/ഉന്മാദം/ഉത്തേജനം' അനുഭവപ്പെടുകയും ചെയ്യും. കാലക്രമേണ, ഇവർക്ക് സാധാരണ മനുഷ്യർ അനുഭവിക്കുന്ന ചെറിയ സന്തോഷങ്ങൾ അനുഭവിക്കാൻ കഴിയുകയില്ല എന്ന് മാത്രമല്ല, നിശ്ചിത അളവിന് മുകളിൽ മയക്കുമരുന്ന് എടുക്കാതെ ഒരു സന്തോഷവും ലഭിക്കുകയില്ല എന്ന സ്ഥിതിയിലേക്ക് എത്തുകയും ചെയ്യും. ഇങ്ങനെ ഈ വ്യക്തികൾ മയക്കുമരുന്നുകൾക്ക് അടിമകളായി മാറുകയും ചെയ്യുന്നു.

**മയക്കുമരുന്നിന്റെ വ്യാപനം; ചില വസ്തുതകൾ**

എന്തുകൊണ്ടാണ് മയക്കുമരുന്നുകൾ നമ്മുടെ നാട്ടിൽ സുലഭമായിത്തീരുന്നത്? എന്തുകൊണ്ടാണ് പുതുതലമുറയ്ക്കിടയിൽ ഇവയുടെ ഉപയോഗം വർധിച്ചുകൊണ്ടിരിക്കുന്നത്? ഏതാനും കാരണങ്ങൾ മനസ്സിലാക്കാം:

1) മുമ്പൊന്നും ഇല്ലാത്തവിധം ക്യാമ്പസുകളിലും സ്കൂൾ വിദ്യാർഥികൾക്കുമിടയിൽ ലിബറൽ മൂല്യങ്ങൾക്കുണ്ടാകുന്ന സ്വാധീനവും മേൽക്കോയ്മയും 'തങ്ങൾക്ക് തോന്നുന്നതെന്തോ അതാണ് ധാർമികത' എന്ന ചിന്താഗതിയും വർധിച്ചുവരികയാണ്. മറ്റൊരാൾക്ക് ഉപദ്രവമില്ലാത്ത എന്തും തനിക്ക് ചെയ്യാമെന്ന harm principleഉം, ജീവിക്കുന്ന കാലം പരമാവധി സന്തോഷത്തോടെ ജീവിക്കുക എന്ന ലക്ഷ്യം മാത്രം വെക്കുന്ന 'സന്തോഷ സിദ്ധാന്ത'വും ഇക്കൂട്ടരുടെ ചില 'സൈദ്ധാന്തിക' വാദങ്ങളാണ്. യഥാർഥത്തിൽ, ഒരു വിഷയത്തിന്റെയും ദീർഘകാല ഗുണദോഷങ്ങളെക്കുറിച്ചോ പ്രത്യാഘാതങ്ങളെക്കുറിച്ചോ ബോധവാന്മാരല്ലാതെ, നൈമിഷികമായ ആസ്വാദനങ്ങളുമായി ഒഴുക്കിനൊപ്പം സഞ്ചരിച്ച്, 'ഇതെന്റെ അവകാശമാണ്; ചോദിക്കാനാരും ഇങ്ങോട്ട് വരേണ്ട' എന്ന ലിബറൽ വാദങ്ങൾ, വിദ്യാർഥികൾക്കിടയിലുള്ള മയക്കുമരുന്നിന്റെ വ്യാപനത്തിന് കൃത്യമായ അടിത്തറ പാകിയിട്ടുണ്ട് എന്നതിൽ സംശയമില്ല.

**മുമ്പൊന്നും ഇല്ലാത്തവിധം ക്യാമ്പസുകളിലും സ്കൂൾ വിദ്യാർഥികൾക്കുമിടയിൽ ലിബറൽ മൂല്യങ്ങൾക്കുണ്ടാകുന്ന സ്വാധീനവും മേൽക്കോയ്മയും 'തങ്ങൾക്ക് തോന്നുന്നതെന്തോ അതാണ് ധാർമികത' എന്ന ചിന്താഗതിയും വർധിച്ചുവരികയാണ്. മറ്റൊരാൾക്ക് ഉപദ്രവമില്ലാത്ത എന്തും തനിക്ക് ചെയ്യാമെന്ന harm principleഉം, ജീവിക്കുന്ന കാലം പരമാവധി സന്തോഷത്തോടെ ജീവിക്കുക എന്ന ലക്ഷ്യം മാത്രം വെക്കുന്ന 'സന്തോഷ സിദ്ധാന്ത'വും ഇക്കൂട്ടരുടെ ചില 'സൈദ്ധാന്തിക' വാദങ്ങളാണ്. യഥാർഥത്തിൽ, ഒരു വിഷയത്തിന്റെയും ദീർഘകാല ഗുണദോഷങ്ങളെക്കുറിച്ചോ പ്രത്യാഘാതങ്ങളെക്കുറിച്ചോ ബോധവാന്മാരല്ലാതെ, നൈമിഷികമായ ആസ്വാദനങ്ങളുമായി ഒഴുക്കിനൊപ്പം സഞ്ചരിച്ച്, 'ഇതെന്റെ അവകാശമാണ്; ചോദിക്കാനാരും ഇങ്ങോട്ട് വരേണ്ട' എന്ന ലിബറൽ വാദങ്ങൾ, വിദ്യാർഥികൾക്കിടയിലുള്ള മയക്കുമരുന്നിന്റെ വ്യാപനത്തിന് കൃത്യമായ അടിത്തറ പാകിയിട്ടുണ്ട് എന്നതിൽ സംശയമില്ല**

2) എക്കാലത്തെക്കാളുമേറെ ശക്തമായ വിപണികളും കച്ചവടങ്ങളും വർധിക്കുന്നത് ഇവയുടെ വളർച്ചയ്ക്കുള്ള പ്രധാന കാരണമാണ്. ആഫ്രിക്കൻ രാജ്യങ്ങളായ നൈജീരിയയിൽനിന്നും സിംബാബ്‌വേയിൽനിന്നുമെല്ലാം കടത്തപ്പെടുന്ന കഞ്ചാവും ഇതര മയക്കുമരുന്നുകളും കേരളത്തിലെ എയർപോർട്ടുകളിൽ പിടിക്കപ്പെടുന്നത് ഇതിന്റെ അന്താരാഷ്ട്ര തലത്തിലുള്ള വ്യാപ്തിയും നമ്മെ ബോധ്യപ്പെടുത്തുന്നു. മയക്കുമരുന്നുകളുടെ കച്ചവടം നടക്കുന്ന ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടാമത്തെ നഗരമായി കൊച്ചി മാറിയതും ഇതിനോടു കൂട്ടിവായിക്കേണ്ടതാണ്.

കോവിഡ് കാലത്ത് ഉപജീവനം വഴിമുട്ടിയപ്പോൾ, ഈ ഫീൽഡിലേക്ക് ഇറങ്ങിയ സാധാരണക്കാരായ ആളുകളും ധാരാളമാണ്. കുറച്ച് 'റിസ്ക്' എടുത്തിട്ടാണെങ്കിലും ഏതാനും ചില ഗ്രാം വസ്തു

**മയക്കുമരുന്ന് ഉപയോഗം പോലെയുള്ള സാമൂഹിക വിപത്തുകൾ ഇന്ന് സമൂഹത്തിൽ സ്വാഭാവികവൽക്കരിക്കപ്പെടുന്നതാണ് (normalising) മറ്റൊരു പ്രധാന വിഷയം. 'നാർകോടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്' എന്ന് പറഞ്ഞ സിനിമകളും സെലിബ്രിറ്റികളും തൊട്ടടുത്ത അവരുടെ സിനിമയിൽ നായക പരിവേഷത്തിൽ വരുന്നത് ഇതിന്റെ ആഗോള വ്യാപാരിയായും കച്ച വടസംഘത്തിലെ പിടികിട്ടാപ്പുള്ളിയായും ഒക്കെ ആയിരിക്കും. ഇത് കൗമാര പ്രായക്കാരെ ശക്തമായി സ്വാധീനിക്കുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലെ പ്രമുഖ വ്ളോഗർമാരടക്കം ഇൻസ്റ്റഗ്രാമിലൂടെയും മറ്റും പ്രായപൂർത്തിയാ വാത്ത പെൺകുട്ടികളെ പോലും ലൈവിൽ വന്ന് ഇതിനെ പ്രോത്സാഹിപ്പി ക്കുന്ന സ്ഥിതിവിശേഷവും നാം ഈയിടെ കണ്ടതാണ്. സ്കൂളുകളിൽ കൂട്ടു കാർക്കിടയിൽ വളരെ നോർമൽ ആയ ചർച്ചാവിഷയമായി ഇത് മാറുകയും, ഇത്തരം കാര്യങ്ങളുമായി പ്രത്യക്ഷമായി ഇടപെടുന്നവർക്ക് പോലും ഒരു കുറ്റബോധവും ഇല്ലാത്ത അവസ്ഥയുണ്ടാകുന്നതും കുട്ടികൾക്കിടയിൽ ഇതിന്റെ വളർച്ചയ്ക്ക് വളം വെച്ച് കൊടുക്കുന്നുണ്ട്**

ക്കൾ മാത്രം കൈമാറ്റം ചെയ്യുന്ന തിലൂടെ വലിയ ലാഭം ലഭിക്കുന്നത് ഇതിനെ ഒരു ഉപജീവനമാർഗമാ യി കാണാനും പലർക്കും കാര ണമായി.

3) മറ്റൊരു പ്രധാന കാരണം ഇതിനെതിരെയുള്ള നിയമങ്ങ ളിലും ചട്ടങ്ങളിലുമുള്ള നിസ്സാ രവൽക്കരണവും അലംഭാവവു മാണ്. 1985ൽ നിലവിൽവന്ന നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസ് (എൻ.ഡി.പി.എസ്) ആക്ട് ആണ് ഇപ്പോൾ ഇതിൽ നിലവിലുള്ളത്. മയക്കുമരുന്ന് നിർമിക്കുക, ഉപ യോഗിക്കുക, മറ്റുള്ളവർക്ക് വി പണനം ചെയ്യുക, പണം കൊടു ത്ത് വലിയ അളവിൽ വാങ്ങുക തുടങ്ങിയവ തടയുക എന്നതാണ് ആക്ട് പ്രാബല്യത്തിൽ കൊണ്ടുവ ന്നതിലൂടെ പ്രധാനമായി ഉദ്ദേശിച്ചി രുന്നത്. ഇത് എത്രകണ്ട് പ്രയോഗ തലത്തിൽ നടക്കുന്നുണ്ട് എന്നത് പരിശോധനാ വിധേയമാക്കേണ്ട തുണ്ട്. യഥാർഥത്തിൽ ഈ നിയ മങ്ങൾ ഒരു ടോം & ജെറി മോഡ ലിലാണ് ഇന്ന് നടത്തി വരുന്നത് എന്നതാണ് വസ്തുത എന്നിരിക്കെ, ഇതിലെ ശിക്ഷയുടെയും പിഴയു ടെയുമെല്ലാം വിഷയത്തിൽ ഒരു പുനർവായന അനിവാര്യമാണ്.

4) സാമ്പത്തികമായി കി ട്ടുന്ന അമിതമായ ലാഭമാണ് മയക്കുമരുന്ന് വ്യാപനത്തിന്റെ മറ്റൊരു പ്രധാന കാരണം. ഒരു ഗ്രാമിന് 1500-2000 രൂപക്ക് വാങ്ങു ന്ന എം.ഡി.എം.എ പലയിടത്തും 5000 രൂപയ്ക്കോ അതിന് മുകളിലോ ആയാണ് വിൽക്കപ്പെടുന്നത്. ചുരു ക്കത്തിൽ, ഒരു മാസംകൊണ്ട് കഷ്ട പ്പെട്ട് സമ്പാദിച്ചുണ്ടാക്കാവുന്ന വരുമാനം, ഒരു ദിവസം കൊണ്ട് തന്നെ കിട്ടുന്നത് ഇത്തരം കച്ച വടങ്ങളിലേക്ക് ജനമനസ്സുകളെ ആകർഷിക്കുന്നു.

5) വില എത്രയാണെങ്കിലും വാങ്ങാൻ ആളുകൾ ഇഷ്ടം പോ ലെയാണ് എന്നതാണ് മറ്റൊരു വസ്തുത. ഒരിക്കൽ മയക്കുമരുന്നി ന് അടിമപ്പെട്ടവർക്ക് ഇതില്ലാതെ ജീവിതം ദുഃസ്സഹമാകുന്ന സാഹച ര്യമാവും ഉണ്ടാവുക. അവർക്ക് കൂ ടുതൽ കൂടുതൽ സ്റ്റഫ് ആവശ്യമാ യി വരുന്നു. അതിനുവേണ്ടി എത്ര പണം ചെലവഴിക്കാനും അവർ തയ്യാറാവുന്നു. കയ്യിലെ പണം തീ രുമ്പോൾ അത് ഉണ്ടാക്കുവാനായി അനധികൃതമായ പല കാര്യങ്ങളി ലേക്കും കുറ്റകൃത്യങ്ങളിലേക്കും ഇറങ്ങിത്തിരിക്കാനും അതുവഴി സാമൂഹികമായ അരക്ഷിതാവ സ്ഥ ഉണ്ടാകുവാനും ഇത് കാര ണമാകുന്നു.

6) മയക്കുമരുന്ന് ഉപയോഗം പോലെയുള്ള സാമൂഹിക വിപ ത്തുകൾ ഇന്ന് സമൂഹത്തിൽ സ്വാ ഭാവികവൽക്കരിക്കപ്പെടുന്നതാ ണ് (normalising) മറ്റൊരു പ്രധാന വിഷയം. 'നാർകോടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്' എന്ന് പറ ഞ്ഞ സിനിമകളും സെലിബ്രിറ്റിക ളും തൊട്ടടുത്ത അവരുടെ സിനി മയിൽ നായക പരിവേഷത്തിൽ വരുന്നത് ഇതിന്റെ ആഗോള വ്യാ പാരിയായും കച്ചവടസംഘത്തി ലെ പിടികിട്ടാപ്പുള്ളിയായും ഒക്കെ ആയിരിക്കും. ഇത് കൗമാര പ്രായ ക്കാരെ ശക്തമായി സ്വാധീനിക്കു ന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലെ പ്രമുഖ വ്ളോഗർമാരടക്കം ഇൻസ്റ്റ ഗ്രാമിലൂടെയും മറ്റും പ്രായപൂർ ത്തിയാവാത്ത പെൺകുട്ടികളെ പോലും ലൈവിൽ വന്ന് ഇതിനെ പ്രോത്സാഹിപ്പിക്കുന്ന സ്ഥിതിവി ശേഷവും നാം ഈയിടെ കണ്ട താണ്. സ്കൂളുകളിൽ കൂട്ടുകാർ





ക്കിടയിൽ വളരെ നോർമൽ ആയ ചർച്ചാവിഷയമായി ഇത് മാറുകയും, ഇത്തരം കാര്യങ്ങളുമായി പ്രത്യക്ഷമായി ഇടപെടുന്നവർക്ക് പോലും ഒരു കുറ്റബോധവും ഇല്ലാത്ത അവസ്ഥയുണ്ടാകുന്നതും കുട്ടികൾക്കിടയിൽ ഇതിന്റെ വളർച്ചയ്ക്ക് വളം വെച്ച് കൊടുക്കുന്നുണ്ട്.

7) മയക്കുമരുന്ന് ഉപയോഗിക്കുന്നത് തങ്ങളുടെ വ്യക്തിപരമായ അവകാശമാണെന്ന് വാദിക്കുന്നവരും അതിനുവേണ്ടി ശക്തമായ അവകാശ പോരാട്ടങ്ങൾ നടത്തുന്നവരും ഉണ്ട്. 'ഗോ ഗ്രീൻ' ഹാഷ്ടാഗുകൾ ഇന്ന് ആഗോളതലത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നവർ കഞ്ചാവ് പോലുള്ള മയക്കുമരുന്നുകളെ നിഷ്കളങ്കമായും വളരെ നിസ്സാരമായും അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്.

8) മയക്കുമരുന്നിന്റെ വളർച്ചയിൽ പ്രധാന കാരണങ്ങളിൽ ഒന്ന് കുട്ടികൾ അതിന് ആകൃഷ്ടരാകുന്നു എന്നതുതന്നെയാണ്. ചെറിയ ടെൻഷനും പരീക്ഷാഭയവും പ്രണയനൈരാശ്യവും മറ്റെന്തെങ്കിലും കാരണവശാൽ ഉള്ള ഒറ്റപ്പെടലും ഉണ്ടാകുമ്പോൾ കുട്ടികൾ പരീക്ഷണാടിസ്ഥാനത്തിൽ ഇത് ഉപയോഗിച്ചു തുടങ്ങുന്നു. ഇത്തരം ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിന് മുമ്പുള്ള ആകാംക്ഷയും 'ശരിക്കും എന്താണ് ഇത്' എന്നറിയാനുള്ള ജിജ്ഞാസയും കൗതുകവുമെല്ലാം ഘടകങ്ങളാണ്. തങ്ങളുടെ സമപ്രായക്കാരായ കൂട്ടുകാരിൽനിന്നുള്ള സമ്മർദവും (peer pressure) ഇത് ഉപയോഗിക്കാത്തവരെ മോശക്കാരനായും ആണത്തമില്ലാത്തവനായും ചിത്രീകരിക്കലുമാണ് മറ്റൊരു കാരണം. ടീനേജ് പ്രായത്തിലുള്ള അമിതമായ അനുകരണ ശീലമാണ് മറ്റൊന്ന്. പ്രത്യേകിച്ച് ബോളിവുഡ്/മോളിവുഡ് സെലിബ്രിറ്റികളെയും താരപരിവേഷമുള്ളവരെയും അവരുടെ കഥാപാത്രങ്ങളെ ജീവിതത്തിലേക്ക് പകർത്തുന്നതിലൂടെ വിദ്യാർഥികൾക്കിടയിൽ ഇവയ്ക്ക് വലിയ സ്വീകാര്യത ലഭിക്കുന്നുണ്ട്. സ്കൂളുകൾക്കടുത്തുള്ള പെട്ടിക്കടകളിൽനിന്ന് പോലുമുള്ള ഇത്തരം വസ്തുക്കളുടെ എളുപ്പത്തിലുള്ള ലഭ്യതയും കുട്ടികളെ ഇത്തരം വഴികളിലേക്ക് എത്തിക്കുന്നു. അമിതമായ പണവും സ്വാതന്ത്ര്യവും നൽകിയും, ഗുണദോഷിക്കേണ്ട സമയത്ത് അത് ചെയ്യാതെയും വളർത്തുന്ന നിർഗുണമായ രക്ഷാകർതൃത്വവും ഇതിന് പ്രധാന കാരണമാണ്.

**മയക്കുമരുന്നിന് അടിമപ്പെട്ടവരെ എങ്ങനെ തിരിച്ചറിയാം?**

മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കൃത്യമായി കണ്ടെത്താൻ നമുക്ക് കഴിയണം. മാതാപിതാക്കൾക്കും അധ്യാപകർക്കും വലിയ പങ്ക് ഈ വിഷയത്തിലുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കുണ്ടാവുന്ന ചില ലക്ഷണങ്ങൾ താഴെ കൊടുക്കുന്നു: (ഈ ലക്ഷണങ്ങൾ ഉള്ള എല്ലാവരും മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണ് എന്ന മുൻധാരണ ഒരിക്കലും പാടില്ല).

1. കണ്ണുകൾ ചുവന്നിരിക്കും.
2. മറ്റുള്ളവരിൽനിന്ന് ഒറ്റപ്പെട്ട പ്രകൃതം.
3. കണ്ണുകൾക്ക് താഴെ ഇരുണ്ട നിറം.
4. അവ്യക്തമായ സംസാരം.
5. വേച്ച് വേച്ചുള്ള നടപ്പ്.
6. വൃത്തിയില്ലായ്മ.
7. വിശപ്പില്ലായ്മ / വിശപ്പ് കൂടുതൽ.
8. അക്രമസ്വഭാവം.
9. വീട്ടിൽ വരാതിരിക്കുക, വന്നാൽതന്നെ റൂമിൽ ഇരിക്കുക.
10. ബാത്ത്റൂമിൽ ഒരുപാട് സമയം വിനിയോഗിക്കുക.
11. സ്കൂൾ/കോളേജിലേക്ക് പോകാൻ അലസത.
12. പഠനത്തിൽ താൽപര്യക്കുറവ്.
13. കയ്യിൽ കറ, സിറിഞ്ച് ഉപയോഗിച്ച പാട്, ഇവയുടെ മണം, പുക എന്നിവ.

ഈ പറയപ്പെട്ട ലക്ഷണങ്ങൾ ഉണ്ടാവുകയും അവരിൽനിന്ന് മയക്കുമരുന്നോ അതിന്റെ ബന്ധമോ കണ്ടെത്തുകയും ചെയ്താൽ, നേരെ ചെന്ന് ശകാരിച്ച് വീട്ടിൽനിന്ന് പുറത്താക്കുകയല്ല ചെയ്യേണ്ടത്. മറിച്ച്, നിസ്സാരമായ പല കാരണങ്ങൾ കൊണ്ടും അടിമകളായി, ഇവ ഉപേക്ഷിക്കാൻ സാധിക്കാത്തവരായി മാറിയ ഇക്കൂട്ടരെ, ഈ കയത്തിൽനിന്നും കരകയറ്റുവാനുള്ള കൃത്യമായ കൗൺസിലിങ്ങിനും വിദഗ്ധ ചികിത്സക്കും വിധേയമാക്കുകയാണ് വേണ്ടത്.

ഈ സാമൂഹ്യവിപത്തിനെ ജീവിതത്തിൽനിന്നും പൂർണമായും നിർമാർജനം ചെയ്യുവാനുള്ള ശക്തമായ തീരുമാനങ്ങൾ

എടുക്കാൻ അവരെ പ്രേരിപ്പിക്കണം. അവരെ നന്നായി മോട്ടിവേറ്റ് ചെയ്യണം. ലഹരിമുക്ത ചികിത്സയ്ക്ക് പോകുന്നത് സമൂഹത്തിൽ മോശമാണെന്ന ധാരണ തിരുത്തി, ആവശ്യമെങ്കിൽ ഡോക്ടറുടെ നിർദേശപ്രകാരം മെഡിക്കൽ ചികിത്സതന്നെ ആരംഭിക്കണം. അതോടൊപ്പം, കൃത്യമായ ധാർമിക അവബോധം നൽകുകയും, നല്ല കൂട്ടുകാരുമായി വേഗം അവരെ ബന്ധപ്പെടുത്തുകയും, എന്ത് പ്രശ്നമുണ്ടെങ്കിലും അവരെ നമ്മോട് ചേർത്തുപിടിക്കുകയും ചെയ്ത് അവരോടൊപ്പം ജീവിക്കുക.

**മയക്കുമരുന്ന് എന്ന ഭീകരൻ നമ്മുടെയൊക്കെ മക്കളിലേക്കെത്താൻ അധികകാലം താമസമുണ്ടായി എന്നു വരില്ല. എവിടെയാണോ ഇവയുടെ നിർമാർജനത്തിൽ നമ്മുടെ പങ്ക് ആവശ്യമായുള്ളത് അവിടെ ബോധപൂർവം നേതൃപരമായി, മാതൃകാപരമായി ഇടപെടുക. മത-സാമൂഹ്യ-രാഷ്ട്രീയ നേതൃത്വങ്ങൾ ഈ സാമൂഹ്യവിപത്തിനെതിരെ പടനയിക്കാൻ ഏറ്റവും മുൻപന്തിയിൽ ഉണ്ടാവണം. എല്ലാവിധ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം സമൂഹത്തിൽ വർധിച്ചുവരുന്നു എന്നത് പച്ചയായ യാഥാർഥ്യമാണ്. അതിൽതന്നെ മുന്നിൽനിൽക്കുന്നത് ഇളംതലമുറയാണ്. ഒരു തലമുറയെത്തന്നെ നശിപ്പിച്ചുകൊണ്ട് പണം സമ്പാദിച്ചുകൂട്ടുകയാണ് മയക്കുമരുന്ന് മാഫിയ എന്ന വസ്തുത നാം തിരിച്ചറിയണം.**

### പ്രതിരോധമാർഗങ്ങൾ

ഈ വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും അറിയാത്തവരല്ല പ്രബുദ്ധരായ കേരളീയ സമൂഹം. എന്നാൽ പ്രായോഗിക തലത്തിലേക്ക് വരുമ്പോൾ നമ്മുടെ കാലുകൾ ഇടറുന്നു, ചുവടുകൾ പിഴയ്ക്കുന്നു. കാരണം, ഇന്ന് ഈ മാഫിയ ഇത് വായിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും നാടിനെയും കുടുംബത്തെയും സമൂഹത്തെയുമടക്കം ഇരയായി കണ്ട്, വിശാലമായ വല വിരിച്ച് കാത്തിരിക്കുകയാണ്.

പരിഹാരമാർഗങ്ങൾ നമുക്ക് മുന്നിൽ തന്നെയുണ്ട്. സമൂഹം ഒന്നിച്ച് മത, ജാതി, വർഗ, വർണ, കക്ഷിരാഷ്ട്രീയ ഭേദമന്യെ അവ ഏറ്റെടുക്കാൻ തയ്യാറാകണം എന്നു മാത്രം. ഇത് വായിക്കുന്ന ഓരോരുത്തരും അവരുടേതായ നേതൃപരമായ പങ്ക് നിർവഹിക്കാൻ തയ്യാറാകണം. വരുംതലമുറയെ മയക്കുമരുന്നുകളുടെ നീരാളിപ്പിടുത്തത്തിൽനിന്ന് രക്ഷിക്കാൻ ഒന്നിച്ചുനിന്ന് പോരാടിയിട്ടില്ലെങ്കിൽ പ്രത്യാഘാതം ഗുരുതരമായിരിക്കും.

മയക്കുമരുന്നിനെ പ്രതിരോധിക്കുന്നതിനുള്ള ആദ്യ മാർഗം അതിന്റെ ഉപയോഗം തുടങ്ങാതിരിക്കുക എന്നതുതന്നെയാണ്. ആദ്യമായി അവ തുടങ്ങുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും ഇല്ലാതാക്കണം. രക്ഷിതാക്കളും അധ്യാപകരും മഹല്ല് ഭാരവാഹികളും പി.ടി.എ അംഗങ്ങളും ഭരണകർത്താക്കളും ഇതിനുള്ള പ്രതിരോധ മാർഗങ്ങളെയും അവ പ്രയോഗതലത്തിൽ കൊണ്ടുവരാനുള്ള നടപടിക്രമങ്ങളെയും കുറിച്ച് സജീവമായ ചർച്ചകൾക്ക് വഴിയൊരുക്കേണ്ടതുണ്ട്.

### രക്ഷിതാക്കളോട്

1. കുട്ടികൾ കൃത്യസമയത്ത് സ്കൂളിലും തിരിച്ച് വീട്ടിലും എത്തുന്നുണ്ടെന്ന് ഉറപ്പിക്കുക. ഇതിന് അധ്യാപകരുമായി നല്ല ബന്ധം ഉണ്ടാക്കുക.
2. ആവശ്യത്തിന് മാത്രം പോക്കറ്റ് മണി നൽകുക.
3. ആവശ്യത്തിലധികം പണം കയ്യിൽ കണ്ടാൽ അതിന്റെ ഉറവിടം അന്വേഷിക്കുക. അവർ നിങ്ങളുടെ സംശയമുനയിലാണുള്ളത് എന്ന് തോന്നാത്ത രൂപത്തിൽ ഇടയ്ക്ക് പരിശോധിക്കുകയും ചെയ്യുക.
4. മക്കളുടെ കൂട്ടുകാരുമായും അവരുടെ രക്ഷിതാക്കളുമായും പി.ടി.എ യോഗങ്ങൾക്കപ്പുറം നല്ല സമ്പർക്കം പുലർത്തുകയും മക്കളുടെ സ്കൂളിലെ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുക.
5. പരിചയമില്ലാത്തവരുടെ കൂടെ നമ്മുടെ മക്കളെ കണ്ടാൽ കൃത്യമായി അവരെപ്പറ്റി അന്വേഷിക്കുക. മോശമായ ചങ്ങാത്തമാണെങ്കിൽ അവ ഒഴിവാക്കാൻ സ്നേഹപൂർവം പറയുക.
6. അവരുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുക. പരീക്ഷകൾ, സ്കൂളിലെ പ്രോഗ്രാമുകൾ, ഹോംവർക്കുകൾ തുടങ്ങി മക്കളുടെ ഓരോ ദിവസത്തെയും ഷെഡ്യൂൾ നമുക്ക് ബോധ്യമുണ്ടായിരിക്കണം. അതിനായി എന്നും സ്കൂൾ വിട്ടുവന്നാൽ അതാത് ദിവസങ്ങളിൽ നടന്ന പ്രധാന കാര്യങ്ങൾ നമ്മോട് ഷെയർ ചെയ്യാനുള്ള അവസരം ഉണ്ടാക്കണം.
7. ചെറിയ പ്രായത്തിൽതന്നെ മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കുന്ന ശീലം ഒഴിവാക്കുക. സ്വന്തമായി മൊബൈൽ ഫോൺ അവർക്ക് ഉണ്ടെങ്കിൽ അത് സുതാര്യമാക്കുക. അവരുടെ ബാഗ്, ബെഡ്, ബാത്റൂം തുടങ്ങിയവയും ഇടയ്ക്ക് പരിശോധിക്കുക.
8. അസ്വാഭാവികമായ പെരുമാറ്റം ഉണ്ടെങ്കിൽ ശ്രദ്ധിക്കുക, അതിന്റെ കാരണം കണ്ടെത്തുക.
9. കുട്ടികളുമായി ഏറ്റവും നല്ല ആത്മബന്ധം പുലർത്തുക. അവർക്ക് എന്ത് പ്രയാസങ്ങൾ ഉണ്ടെങ്കിലും അത് നമ്മളോട് പങ്കുവെക്കാൻ മാത്രം വിശാലമായ സ്പേസ് ഉണ്ടാക്കിയെടുക്കുക.
10. ‘എന്റെ കുട്ടി അതൊന്നും ചെയ്യില്ല’ എന്ന മുൻധാരണ പൂർ

ണമായും ഒഴിവാക്കുക. ഏതു കുട്ടിക്കും ഏതു തിന്മകളിലേക്കും പോകാനുള്ള സാഹചര്യം ഇന്ന് നിലവിലുണ്ട് എന്ന് തിരിച്ചറിയുക.

11. മതപരവും ധാർമികവുമായ ശിക്ഷണം മദ്റസകളിൽ നിന്നും, അതോടൊപ്പം വീടുകളിൽനിന്നും നൽകുക. മദ്റസകളിൽ പഠിക്കുന്ന കാര്യങ്ങളുടെ പ്രയോഗവൽക്കരണം വീടുകളിൽ ഉണ്ടാവണം.
12. രക്ഷിതാക്കൾ മക്കൾക്ക് മാതൃകയാവുക. നമസ്കാരവും ക്വുർആൻ പാരായണവും സൽസ്വഭാവവുമെല്ലാം മാതാപിതാക്കളിൽനിന്നാണ് കുട്ടികൾ കണ്ടു പഠിക്കേണ്ടത്.
13. വിദ്യാർഥിസമൂഹത്തിന്റെ അക്കാദമികമായ ഉന്നമനത്തോടൊപ്പം ധാർമികവും മതപരവുമായ ഉയർച്ചക്കും കാരണമാകുന്ന വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ പോലുള്ള വിദ്യാർഥി കൂട്ടായ്മകളിലും പ്രവർത്തനങ്ങളിലും മക്കളെ ഭാഗവാക്കാക്കുക.

**മഹല്ല് ഭാരവാഹികളോട്**

1. നമ്മുടെ മഹല്ലിൽ ഒരു വീട്ടിലും ഇത്തരം വസ്തുക്കൾ ഉപയോഗിക്കുന്നവരോ വിൽക്കുന്നവരോ ഇല്ല എന്ന് ഉറപ്പിക്കുക. ഉപയോഗിക്കുന്നവരെയോ അതുമായി ബന്ധപ്പെടുന്നവരെയോ കണ്ടാൽ ശക്തമായ നടപടികൾ കൈക്കൊള്ളുക.
2. വെള്ളിയാഴ്ച ഖുതുബകളിൽ ലഹരിക്കെതിരെ കൃത്യമായ ബോധവൽക്കരണം നടത്തുക.
3. മദ്റസകൾ മുഖാന്തരം കുട്ടികളെയും രക്ഷിതാക്കളെയും ഇതിന്റെ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ബോധവാന്മാരാക്കുക.
4. മഹല്ലുകളിൽ ഓരോ ഏരിയയിലും സ്ഥിരമായി ക്വുർആൻ ഹദീഥ് പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും അതിലൂടെ ഇത്തരം വിഷയങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്തുകയും ചെയ്യുക. ലഹരിയോടുള്ള മതത്തിന്റെ നിലപാട് ബോധ്യപ്പെടുത്തിക്കൊടുക്കുക.
5. പള്ളിക്കമ്മിറ്റി യോഗങ്ങളിലടക്കം ഇത്തരം വിഷയങ്ങൾ പ്രധാന അജണ്ടയായി എടുത്ത് മഹല്ലിൽനിന്ന് ഇവ നിർമാർജനം ചെയ്യുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

**അധ്യാപകരും പി.ടി.എ അംഗങ്ങളും ശ്രദ്ധിക്കുക**

1. സ്വന്തം ക്ലാസ്സിലെ ഓരോ വിദ്യാർഥിയെയും സമയബന്ധിതമായി മോണിറ്റർ ചെയ്യുക.
2. എല്ലാ വിദ്യാർഥികളുടെയും രക്ഷിതാക്കളുമായി നല്ല ബന്ധം കാത്തുസൂക്ഷിക്കുകയും അവരുടെ പാഠ്യ-പാഠ്യേതര വിഷയങ്ങളുടെ നിലവാരത്തോടൊപ്പം അവരുടെ പെരുമാറ്റങ്ങളും ഇടപെടലുകളുമെല്ലാംഎങ്ങനെയെന്ന് അവരുമായി പങ്കുവയ്ക്കുക.
3. വിദ്യാർഥികൾക്കിടയിൽ മയക്കുമരുന്ന് പോലുള്ള അസാധാരണമായ എന്തെങ്കിലും കണ്ടാൽ അധ്യാപകർക്കിടയിലും സ്റ്റാഫ് റൂമിലും ചർച്ചയാക്കുക, രക്ഷിതാക്കളെ അറിയിക്കേണ്ടതാണെങ്കിൽ ഉടനെ തന്നെ അറിയിക്കുക, ആവശ്യമെങ്കിൽ നിയമസഹായം സ്വീകരിക്കുക.
4. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സജീവമാക്കുക. അവയിൽ ചെന്നുപെടാൻ സാധ്യതയുള്ള വിദ്യാർഥികളെ ബോധവൽക്കരണങ്ങളുടെമുന്നിൽനിർത്തുക.
5. സ്കൂളിനടുത്തുള്ള പെട്ടിക്കടകൾ, ഇടവേളകളിൽ കുട്ടികൾ സ്ഥിരമായി പോകുന്ന ഇടങ്ങൾ എന്നിവ ശ്രദ്ധിക്കുക. നിയമവിരുദ്ധമായ എന്തെങ്കിലും വിൽക്കുന്നത് കണ്ടാൽ ഉടനെ എക്സൈസിനെയോ പോലീസിനെയോ വിവരമറിയിക്കുക.
6. സ്കൂൾ കോമ്പൗണ്ടിന് അകത്തും പുറത്തും പരിസരത്തുമായി കുട്ടികൾ ഒറ്റപ്പെട്ടോ മാറിയോ പോയിരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുക. അത്തരത്തിൽ ആരുടെയും ശ്രദ്ധയിൽ വരാത്ത സ്ഥലങ്ങൾ സ്കൂളിനകത്ത് ഇല്ല എന്ന് ഉറപ്പിക്കുക.
7. സ്കൂളിന് ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷൻ, എക്സൈസ് ഓഫീസ് എന്നിവയുമായി ഏറ്റവും നല്ലബന്ധം ഉണ്ടാക്കുക.
8. ആഘോഷ ദിവസങ്ങളിലാണ് ഭൂരിഭാഗം വിദ്യാർഥികളും ഇവ ആദ്യമായി രുചിച്ചു നോക്കുന്നത്. അന്നേദിവസം അവരോടൊത്ത് ആഘോഷങ്ങളുടെ ആഭാസങ്ങളിൽ മുന്നിൽ നിൽക്കാതെ, ഇത്തരം വിഷയങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തുക.

**പൊതുസമൂഹം ചെയ്യേണ്ടത്**

മയക്കുമരുന്ന് എന്ന ഭീകരൻ നമ്മുടെയൊക്കെ മക്കളിലേക്കെത്താൻ അധികകാലം താമസമുണ്ടായി എന്നു വരില്ല. എവിടെയാണോ ഇവയുടെ നിർമാർജനത്തിൽ നമ്മുടെ പങ്ക് ആവശ്യമായുള്ളത് അവിടെ ബോധപൂർവം നേതൃപരമായി, മാതൃകാപരമായി ഇടപെടുക. മത-സാമൂഹ്യ-രാഷ്ട്രീയ നേതൃത്വങ്ങൾ ഈ സാമൂഹ്യവിപത്തിനെതിരെ പടനയിക്കാൻ ഏറ്റവും മുൻപന്തിയിൽ ഉണ്ടാവണം.

എല്ലാവിധ മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം സമൂഹത്തിൽ വർധിച്ചുവരുന്നു എന്നത് പച്ചയായ യാഥാർഥ്യമാണ്. അതിൽതന്നെ മുന്നിൽനിൽക്കുന്നത് ഇളംതലമുറയാണ്. ഒരു തലമുറയെത്തന്നെ നശിപ്പിച്ചുകൊണ്ട് പണം സമ്പാദിച്ചുകൂട്ടുകയാണ് മയക്കുമരുന്ന് മാഫിയ എന്ന വസ്തുത നാം തിരിച്ചറിയണം. നമുക്കൊന്നിച്ച് മയക്കുമരുന്ന് മാഫിയകളുടെ കരാളഹസ്തങ്ങളിൽനിന്ന് നമ്മുടെ മക്കളെ രക്ഷിക്കാനായി പോരാടാം. ■

ലേഖനം



# പ്രപഞ്ചസ്രഷ്ടാവിന്റെ കാവലുള്ള ഗ്രന്ഥം

**അബൂഫായിദ**

തൗറാത്ത് സംരക്ഷിക്കാൻ ജൂതന്മാരോട് അല്ലാഹു കൽപിച്ചു: "തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്. (അല്ലാഹുവിന് ) കീഴ്പെട്ട പ്രവാചകൻമാർ യഹൂദമതക്കാർക്ക് അതിനനുസരിച്ച് വിധികൽപിച്ചു പോന്നു. പുണ്യവാൻമാരും പണ്ഡിതൻമാരും (അതേ പ്രകാരം തന്നെ വിധികൽപിച്ചിരുന്നു). കാരണം അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ സംരക്ഷണം അവർക്ക് ഏൽപിക്കപ്പെട്ടിരുന്നു. അവരതിന് സാക്ഷികളുമായിരുന്നു. അതിനാൽ നിങ്ങൾ ജനങ്ങളെ പേടിക്കാതെ എന്നെ മാത്രം ഭയപ്പെടുക. എന്റെ വചനങ്ങൾ നിങ്ങൾ തുച്ഛമായ വിലയ്ക്ക് വിറ്റുകളയാതിരിക്കുക. അല്ലാഹു അവതരിപ്പിച്ചുതന്നതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ" (ക്വുർആൻ 5:44).

എന്നാൽ വിശുദ്ധ ക്വുർആനിന്റെ സ്ഥിതി അതല്ല. ക്വുർആനിനെക്കുറിച്ച് അല്ലാഹു അറിയിക്കുന്നത് ഇപ്രകാരമാണ്: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15.9).

ഇതിൽനിന്ന് വ്യക്തമാകുന്ന കാര്യം പൂർവ ഗ്രന്ഥങ്ങളുടെ സംരക്ഷണം അതാതു ജനതകളെയായിരുന്നു അല്ലാഹു ഏൽപിച്ചിരുന്നത്, എന്നാൽ ക്വുർആനിന്റെ സംരക്ഷണം അല്ലാഹു തന്നെ സ്വയം ഏറ്റെടുത്തിരിക്കുന്നു എന്നാണ്. തൗറാത്ത്, ഇഞ്ചീൽ തുടങ്ങിയ പൂർവ ഗ്രന്ഥങ്ങളുടെ സംരക്ഷച്ചുമതല അതാത് ജനങ്ങളെ ഏൽപിച്ചുവെങ്കിലും അവർക്കത് യഥോചിതം നിർവഹിക്കാനായില്ല. ക്വുർആനിന്റെ സംരക്ഷണച്ചുമതല അല്ലാഹു സ്വയം ഏറ്റെടുത്തതിനാൽ അത് സുരക്ഷിതമായി നിലനിൽക്കുന്നു. ജീവിച്ചിരിക്കുന്ന മനുഷ്യരിലൂടെയാണ് ആ സംരക്ഷണം നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

തങ്ങളുടെ കാലശേഷം തങ്ങളുടെ പവിത്രഗ്രന്ഥം സംരക്ഷിക്കുന്ന ഉത്തരവാദിത്തം ഏറ്റെടുത്തവളരെ കുറച്ച് അനുയായികളെ മാത്രമെ പൂർവ പ്രവാചകന്മാർക്ക് ലഭിച്ചിരുന്നുള്ളൂ. എന്നാൽ മുഹമ്മദ് നബി(സ്വ)യുടെ അനുഭവം തികച്ചും വ്യത്യസ്തമായിരുന്നു. അവിടുന്ന് മരണത്തിന്റെ രണ്ടരമാസം മുമ്പ് ഹജ്ജ് നിർവഹിച്ചു. 'ഹജ്ജതുൽ വിദാഅ്' (വിടവാങ്ങൽ ഹജ്ജ്) എന്നറിയപ്പെടുന്നത് അതാണ്. പ്രസ്തുത വേളയിൽ അറഫാ മൈതാനിയിൽ ലക്ഷത്തിൽപരം മുസ്ലിംകൾ ഒത്തുചേർന്നിരുന്നു. റസൂൽ തിരുമേനിയുടെ അവസാനകാലമായപ്പോഴേക്ക് ഇസ്ലാം ആശ്ലേഷിച്ചവരുടെ എണ്ണത്തിലുണ്ടായ വർധനവ് ഇത് സൂചിപ്പിക്കുന്നു. നബി(സ്വ)യുടെ കാലശേഷം സത്യവിശ്വാസികളുടെ എണ്ണത്തിൽ വർധനവുണ്ടായിക്കൊണ്ടേയിരിക്കുന്നു. അങ്ങനെ പൗരാണിക ഗ്രന്ഥങ്ങൾക്കൊന്നും ലഭിച്ചിട്ടില്ലാത്തത്ര ജന

സഞ്ചയം ക്വുർആനിന്റെ സംരക്ഷണത്തിന്റെ മാർഗത്തിൽ തയ്യാർ ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിക ഭരണകൂടങ്ങൾ വിശുദ്ധ ക്വുർആനിന്റെ സംരക്ഷണത്തിന്റെ വിഷയത്തിൽ കാലാകാലങ്ങളിൽ തികഞ്ഞ ജാഗ്രത പുലർത്തുകയും ചെയ്തിട്ടുണ്ട്.

അച്ചടിയന്ത്രങ്ങളുടെ വരവോടെ ക്വുർആൻ പ്രതികൾ വിപുലമായ തോതിൽ അച്ചടിക്കപ്പെട്ടു. അങ്ങനെ ക്വുർആനിന്റെ സുരക്ഷിതത്വം കൂടുതൽ ലളിതമായിത്തീർന്നു. മുമ്പ് ഏതൊരു പുസ്തകത്തിന്റെയും ആവശ്യമുള്ള കോപ്പികൾ ഓരോന്നോരോന്നായി കൈകൊണ്ട് എഴുതിയുണ്ടാക്കുകയായിരുന്നു പതിവ്. അതിനാൽ ഒരു പുസ്തകത്തിന്റെ വിവിധ കയ്യെഴുത്തുപ്രതികൾ തമ്മിൽ നേരിയ തോതിലെങ്കിലും വ്യത്യാസത്തിന് സാധ്യതയുണ്ടായിരുന്നു. പൗരാണിക കൃതികളുടെ കയ്യെഴുത്തുപ്രതികൾക്കിടയിൽ ഇത്തരം നേരിയ വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ട്.

എന്നാൽ വിശുദ്ധ ക്വുർആൻ മാത്രം ഇതിൽനിന്ന് വ്യത്യസ്തമാണ്. മുൻകാലത്ത് എഴുതപ്പെട്ട വിശുദ്ധ ക്വുർആനിന്റെ ലക്ഷക്കണക്കിന് പ്രതികളിൽ വളരെയെറെ കോപ്പികൾ മ്യൂസിയങ്ങളിലും ലൈബ്രറികളിലുമായി ഇന്നും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവയിൽ ഒന്നുപോലും നിസ്സാരമായ അക്ഷരവ്യത്യാസം വെച്ചു പുലർത്തുന്നില്ല. ക്വുർആൻ വചനങ്ങളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ മുസ്‌ലിംകൾ അത്രമാത്രം സൂക്ഷ്മത കാണിച്ചു എന്നത് ക്വുർആനിന്റെ കാര്യത്തിലുള്ള അല്ലാഹുവിന്റെ പ്രത്യേക സഹായത്തിന്റെ നിദർശനമാണ്.

**മനഃപാഠമാക്കൽ**

ജനങ്ങൾ ക്വുർആൻ പൂർണമായി മനഃപാഠമാക്കുക എന്ന മറ്റൊരു സംവിധാനവും ക്വുർആനിന്റെ സംരക്ഷണത്തിന് അല്ലാഹു ഏർപെടുത്തിയിട്ടുണ്ട്. അറിയപ്പെട്ടിടത്തോളം മറ്റൊരു കൃതിയും ഇവ്വിധം സമ്പൂർണമായി മനഃപാഠമാക്കപ്പെട്ട ചരിത്രമില്ല. വിശുദ്ധ ക്വുർആൻ ആദ്യന്തം മനഃപാഠമാക്കാനുള്ള താൽപര്യം ലക്ഷക്കണക്കിന് ആളുകളുടെ അകതാരിൽ ഉത്ഭൂതമായി. വിശുദ്ധ ക്വുർആനിന്റെ അവതരണ കാലംതൊട്ട് ഇന്നോളമുള്ള ചരിത്രത്തിൽ ഓരോ ഘട്ടത്തിലും ക്വുർആൻ മനഃപാഠമാക്കിയ ആയിരക്കണക്കിനാളുകൾ ഉണ്ടായിട്ടുണ്ട്. ക്വുർആനിന്റെ സംരക്ഷണാർഥം അല്ലാഹു ചെയ്ത അത്ഭുതകരമായൊരു സംവിധാനമാണിത്. വിശുദ്ധ ക്വുർആനിനെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിക ചരിത്രത്തിന്റെ പിന്നിട്ട 1400ൽപരം വർഷത്തെ ഈ അനുഭവം തികച്ചും ദൈവികമായ ഒരു സംരക്ഷണം തന്നെയാണ്.

> **ക്വുർആനിനെ കേവലം 'ബർകത്തി'ന്റെ ഗ്രന്ഥമാക്കുകയും സ്വന്തം ജീവിതത്തെ ഇതര ആശയങ്ങളുടെ ആധാരത്തിൽ ചലിപ്പിക്കാൻ തുടങ്ങുകയും ചെയ്തതാണ് മുസ്‌ലിംകൾക്ക് ക്വുർആനിന്റെ വാഹകരാവാൻ കഴിയാതെ പോയതിന്റെ കാരണം. ചിലർ 'മസ്അല'കളുടെ പേരിലാണെങ്കിൽ മറ്റുചിലർ 'ഫളാഇലു' (ശ്രേഷ്ഠത)കളുടെ പേരിലാണ് പ്രശ്നമുയർത്തിയത്.**

ക്വുർആൻ വചനങ്ങളുടെ സംരക്ഷണത്തിന് അല്ലാഹു ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഏർപെടുത്തിയതിനാൽ അതൊരിക്കലും വികലമാക്കപ്പെടുകയോ വിനഷ്ടമാവുകയോ ചെയ്യില്ല.

**ആശയ സംരക്ഷണം**

ക്വുർആനികാശയങ്ങളുടെ വ്യാഖ്യാനത്തിലും വിശദീകരണത്തിലും മുസ്‌ലിംകൾ യാതൊരുവിധ വൈകല്യവും വരുത്താതിരിക്കുക എന്നത് അവരുടെ ബാധ്യതയാണ്. ക്വുർആൻ ഒരുകാര്യത്തിന് എന്ത് സ്ഥാനമാണോ കൽപിച്ചിട്ടുള്ളത് അതേ സ്ഥാനവും പദവിയും തന്നെ മുസ്‌ലിംകൾ അതിന്ന് വകവെച്ചു കൊടുക്കേണ്ടതാണ്. അതല്ലാതെ ക്വുർആനിന്റെ മറവിൽ അവർ സ്വന്തമായ 'തിരുത്തലുകൾ' അവതരിപ്പിക്കാൻ പാടില്ല. വിശുദ്ധ ക്വുർആനിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുമ്പോൾ സ്വന്തം വ്യഖ്യാനത്തിന്റെ വെളിച്ചത്തിലുള്ള 'ഒരു പുതിയ മതമായിട്ടല്ല' അവതരിപ്പിക്കേണ്ടത്. പ്രത്യുത ക്വുർആൻ അതിന്റെ അറബി മൂലത്തിൽ ഏതൊരു കാര്യം അവതരിപ്പിച്ചിട്ടുണ്ടോ അതേ ആശയമാണ് ജനങ്ങൾക്കു പരിചയപ്പെടുത്തിക്കൊടുക്കേണ്ടത്.

ക്വുർആനിനെ കേവലം 'ബർകത്തി'ന്റെ ഗ്രന്ഥമാക്കുകയും സ്വന്തം ജീവിതത്തെ ഇതര ആശയങ്ങളുടെ ആധാരത്തിൽ ചലിപ്പിക്കാൻ തുടങ്ങുകയും ചെയ്തതാണ് മുസ്‌ലിംകൾക്ക് ക്വുർആനിന്റെ വാഹകരാവാൻ കഴിയാതെ പോയതിന്റെ കാരണം. ചിലർ 'മസ്അല'കളുടെ പേരിലാണെങ്കിൽ മറ്റുചിലർ 'ഫളാഇലു'(ശ്രേഷ്ഠത)കളുടെ പേരിലാണ് പ്രശ്നമുയർത്തിയത്. ചിലർ മഹാന്മാരുടെ അഭിപ്രായങ്ങളെയും ചില കഥകളെയും ദീനിന്റെ ആധാരമാക്കിയെങ്കിൽ മറ്റുചലർക്കത് വാചകക്കസർത്തുകൾ മാത്രമായി! ചിലർ ക്വുർആനിനെ രാഷ്ട്രീയ വിപ്ലവത്തിന്റെ അനുബന്ധമാക്കിയെങ്കിൽ അതുകൊണ്ട് മറ്റുചിലർ കേവലം 'സാമുദായികത'യുടെ മുദ്രയണിഞ്ഞു. ഇതെല്ലാം തന്നെ യഥാർഥത്തിൽ ക്വുർആനികാശയത്തോട് ബന്ധപ്പെട്ട 'കൈക്രിയകളാ'ണ്

മുസ്‌ലിംകൾ ക്വുർആൻ വചനങ്ങൾ വള്ളിപുള്ളി വ്യത്യാസമില്ലാതെ കാത്തുസൂക്ഷിക്കുന്നു എന്നതുകൊണ്ട് മാത്രം ക്വുർആനിന്റെ ആശയ തലത്തിലുള്ള ഈ കയ്യേറ്റത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടാതിരിക്കില്ല. പൂർവസമുദായങ്ങൾ തങ്ങൾക്ക് ലഭിച്ച ദൈവിക ഗ്രന്ഥങ്ങളുടെ മൂലവചനങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ തന്നെ വീഴ്ച വരുത്തിയതിനാണ് ശിക്ഷിക്കപ്പെട്ടത്. അതേശിക്ഷ യഥാർഥ കുർആനികാശയത്തിന്റെ സംരക്ഷണത്തിൽ വീഴ്ചവരുത്തിയവർക്കും ലഭിക്കാതിരിക്കില്ല. ■



# മനുഷ്യപ്രകൃതിയുടെ തേട്ടം

## പി.എൻ. അബ്ദുല്ലത്വീഫ് മദനി

ഏകദൈവാരാധനയെ അഭിലഷിക്കുന്ന പ്രകൃതമാണ് മനുഷ്യന്റെത്. അവനൊരു അഭയം അനിവാര്യമാണ്; പ്രശ്നങ്ങൾ ഇറക്കിവെക്കാനും പ്രയാസങ്ങൾ ദുരീകരിക്കാനും ഒരവലംബം അത്യന്താപേക്ഷിതവും. കടുത്ത വിഗ്രഹാരാധകന്മാരും ബഹുദൈവത്വ സങ്കൽപങ്ങളിൽ വേരുറച്ചവരുമായവർ പോലും ചില സന്ദിഗ്ധ ഘട്ടങ്ങളിൽ തങ്ങളുടെ ദേവീദേവന്മാരെ കയ്യൊഴിച്ച് യഥാർഥ ദൈവത്തിൽ അഭയംതേടുന്ന രംഗം ചരിത്രസാക്ഷ്യങ്ങളായി ക്വുർആൻ എടുത്തുപറയുന്നുണ്ട്. സമുദ്ര മധ്യത്തിലൂടെ കപ്പലോടവെ കാറ്റും കോളും തിരമാലകളും കപ്പൽ ഗതിയെ ഗുരുതരമാക്കുകയും ജീവരക്ഷ മുൾമുനയിലാവുകയും ചെയ്യുമ്പോൾ ദൈവത്തിൽ പങ്കാളികളാക്കുന്നവരെ മുഴുവൻ വെടിഞ്ഞ് സാക്ഷാൽ രക്ഷകനോട് ബഹുദൈവാരാധനക്കാർ പ്രാർഥന നടത്തുന്ന രംഗം ക്വുർആൻ വരച്ചുകാട്ടുന്നുണ്ട്.

"പർവതങ്ങൾ പോലുള്ള തിരമാലകൾ അവരെ മൂടിക്കളഞ്ഞാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനോട് അവർ പ്രാർഥിക്കുന്നതാണ്. എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോഴോ അവരിൽ ചിലർ മാത്രം മിതനിലപാട് പുലർത്തുന്നവരായിരിക്കും. പരമവഞ്ചകരും നന്ദികെട്ടവരും ആരെല്ലാമോ അവർ മാത്രമെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയുള്ളൂ" (ക്വുർആൻ31: 32).

കരയിൽ വിലസുമ്പോൾ താൻ കൊട്ടിഘോഷിക്കുന്ന വ്യാജദൈവങ്ങൾക്ക് തന്നെ നിർണായക നിമിഷം സഹായിക്കാനാവില്ലെന്ന ബോധ്യം മനുഷ്യനിലുണ്ടാക്കുന്നത് അവന്റെ ശുദ്ധപ്രകൃതിയാണ്. ആ ശുദ്ധപ്രകൃതിയുടെ ഇംഗിതത്തിന് പൊരുത്തപ്പെടാൻ മനുഷ്യനായാൽ അവന്റെ ജീവിത വിജയത്തിന്റെ നാന്ദി കുറിക്കുകയായി.

"ആകയാൽ സത്യത്തിൽ നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടിവ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്തതും. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (ക്വുർആൻ 30:30).

ബഹുദൈവത്വ സങ്കൽപങ്ങൾക്ക് ഒരു ഏകത അവകാശപ്പെടാനില്ല. ശിഥിലവും അരക്ഷിതവുമാണ് ബഹുദൈവാരാധനയുമായി ബന്ധപ്പെട്ട ആചാരങ്ങളും കർമങ്ങളും. ആത്മാവില്ലാത്ത കുറെ ചടങ്ങുകൾ, അനിശ്ചിതത്വവും ആത്മസംതൃപ്തിയില്ലായ്മയും നിമിത്തം ഒരിടത്തുനിന്ന് പലയിടത്തേക്കായി രക്ഷതേടി അവൻ പ്രയാണം ചെയ്യുന്നു. അസ്ഥിരത നിലപാടുകളിലും നടപടിക്രമങ്ങളിലും നിഴലിച്ചു നിൽക്കുന്നു. യഥാർഥ ദൈവങ്ങളെ വിട്ട് സങ്കൽപ ബഹുദൈവങ്ങളെ തേടിപ്പോയാലുണ്ടാകുന്ന സ്വാഭാവിക പരിണതിയെ ക്വുർആൻ വരച്ചുകാണിക്കുന്നത് ഇപ്രകാരമാണ്:

"വക്രതയില്ലാതെ (ഋജുമാനസരായി) അല്ലാഹുവിലേക്ക് തിരിഞ്ഞവരും, അവനോട് യാതൊന്നും പങ്കുചേർക്കാത്തവരുമായിരിക്കണം (നിങ്ങൾ). അല്ലാഹുവോട്

വല്ലവനും പങ്കുചേർക്കുന്നപക്ഷം അവൻ ആകാശത്തുനിന്ന് വീണത് പോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ട് പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂരസ്ഥലത്തേക്ക് കൊണ്ടുപോയി തള്ളുന്നു" (ക്വുർആൻ 22:31).

പലപ്പോഴും തന്റെ ഭാഗധേയം സ്വയം നിർണയിക്കാൻ സ്വതന്ത്രമായി ശ്രമിക്കാതെ കുടുംബം, സമൂഹം, സാഹചര്യം, മതമേധാവിത്തം തുടങ്ങിയവയോടുള്ള വിധേയത്വം സത്യത്തിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തെ വഴിമുടക്കുന്നു.

സൃഷ്ടികളോടു കാണിക്കുന്ന അസ്ഥാനത്തുള്ള ഭയവും കടപ്പാടുകളും പലപ്പോഴും സർവശക്തനെ പ്രാപിക്കുന്നതിൽ അവന് തടസ്സമായിത്തീരുന്നു. വിശേഷബുദ്ധി ഉപയോഗിച്ച് വസ്തുതകളെ അപഗ്രഥനം ചെയ്ത് പഠിക്കുകയും ഉത്തമമായതിനെ അനുധാവനം ചെയ്യാൻ മടികൂടാതെ മുന്നോട്ടുവരികയും ചെയ്യേണ്ടതുണ്ട്. അനുയായിവൃന്ദത്തിന് നേതാക്കളും നേതാക്കൾക്ക് അനുയായിവൃന്ദവും ശാപമാവുകയും പരസ്പരം കുറ്റാരോപണങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു സുനിശ്ചിത ദിനം വരാനുണ്ട്. അന്ന് ഖേദപ്രകടനവും പശ്ചാത്താപവും ഫലപ്പെടുകയില്ല. കാര്യബോധം വരേണ്ടത് ഈ ലോകജീവിതത്തിൽ തന്നെയാണ്.

"വലുപ്പം നടിച്ചവർ ബലഹീനരായി ഗണിക്കപ്പെട്ടവരോട് പറയും: മാർഗദർശനം നിങ്ങൾക്ക് വന്നെത്തിയതിന് ശേഷം അതിൽനിന്ന് നിങ്ങളെ തടഞ്ഞത് ഞങ്ങളാണോ? അല്ല, നിങ്ങൾ കുറ്റവാളികൾ തന്നെയായിരുന്നു. ബലഹീനരായി ഗണിക്കപ്പെട്ടവർ വലുപ്പം നടിച്ചവരോട് പറയും: അല്ല, ഞങ്ങൾ അല്ലാഹുവിൽ അവിശ്വസിക്കാനും, അവന് സമൻമാരെ സ്ഥാപിക്കുവാനും നിങ്ങൾ ഞങ്ങളോട് കൽപിച്ചു കൊണ്ടിരുന്ന സന്ദർഭത്തിൽ (നിങ്ങൾ) രാവും പകലും നടത്തിയ കുതന്ത്രത്തിന്റെ ഫലമാണത്. ശിക്ഷ കാണുമ്പോൾ അവർ ഖേദം മനസ്സിൽ ഒളിപ്പിക്കും. സത്യനിഷേധികളുടെ കഴുത്തുകളിൽ നാം ചങ്ങലകൾ വെക്കുകയും ചെയ്യും. തങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമല്ലാതെ അവർക്ക് നൽകപ്പെടുമോ?" (ക്വുർആൻ 34:32,33).


വിശ്വാസ, കർമങ്ങളെ പരിശോധിച്ച് ജയപരാജയങ്ങൾ നിർണയിക്കുന്ന സന്ദർഭത്തിൽ വഴിതെറ്റിയവരും തെറ്റിച്ചവരും തമ്മിൽ നടക്കുന്ന ആക്ഷേപസംവാദമാണിത്. ഞങ്ങൾ നിങ്ങളുടെ സ്വാധീനവലയത്തിലായിരുന്നതിനാൽ സത്യം ഗ്രഹിക്കാൻ കഴിയാതെ പോയി എന്ന് ദുർബലഘട്ടത്തിൽ പരാതിപ്പെടുമ്പോൾ നിങ്ങൾ വിശേഷബുദ്ധി ഉപയോഗിക്കാതെ ഇപ്പോൾ ഞങ്ങളെ പഴിചാരിയിട്ടെന്ത് ഫലം എന്ന് മറുകക്ഷി തിരിച്ചടിക്കുന്നു. ഇരുകൂട്ടരും നിസ്സഹായതയോടെ വിലപിക്കുമെങ്കിലും അത് യാതൊരു ഫലവും ചെയ്യില്ല; കാരണം വിലാപങ്ങൾ ഫലം ചെയ്യാത്ത വിചാരണ വേദിയിലാണവർ എത്തിപ്പെട്ടത്.

മനുഷ്യന്റെ പ്രാർഥന കേൾക്കാനും ഉത്തരം ചെയ്യാനും കഴിവും യോഗ്യതയുമുള്ള ശക്തിയാരോ അവന്ന് മാത്രമാണ് നമ്മുടെ ആരാധനകൾ അർപ്പിക്കേണ്ടത്. നമ്മുടെ ഭൂതവും വർത്തമാനവും ഭാവിയും അറിയുന്നവൻ അവൻ മാത്രമാണ്. നാം പ്രതീക്ഷിക്കുന്ന ഗുണങ്ങളും ആശങ്കപ്പെടുന്ന നാശങ്ങളും അവന്നാണറിയുക. നമുക്ക് ഗുണമായി ഭവിക്കുന്നതും ദോഷമായി ബാധിക്കുന്നതും അവന്റെ ഉത്തമ ബോധ്യത്തോടെയല്ലാതെ സംഭവിക്കുകയില്ല. അവന്റെ തീരുമാനങ്ങളെ ആർക്കും സ്വാധീനിക്കാനാവില്ല. അവന്റെ കാരുണ്യം എല്ലാ വസ്തുക്കളിലും വിശാലമാണ്. അവന്റെ ക്രോധത്തെ അവന്റെ കാരുണ്യം അതിജയിച്ചിട്ടുണ്ട്. കുറ്റങ്ങളുടെ കൂമ്പാരങ്ങൾ പേറി നടക്കുന്നവർക്കും കുറ്റങ്ങൾ വെടിഞ്ഞ്, പശ്ചാത്തപിച്ച് പ്രതീക്ഷയോടെ അവനെ സമീപിക്കാവുന്നതാണ്.

മനുഷ്യന്റെ പ്രാർഥന കേൾക്കാനും ഉത്തരം ചെയ്യാനും കഴിവും യോഗ്യതയുമുള്ള ശക്തിയാരോ അവന്ന് മാത്രമാണ് നമ്മുടെ ആരാധനകൾ അർപ്പിക്കേണ്ടത്. നമ്മുടെ ഭൂതവും വർത്തമാനവും ഭാവിയും അറിയുന്നവൻ അവൻ മാത്രമാണ്. നാം പ്രതീക്ഷിക്കുന്ന ഗുണങ്ങളും ആശങ്കപ്പെടുന്ന നാശങ്ങളും അവന്നാണറിയുക. നമുക്ക് ഗുണമായി ഭവിക്കുന്നതും ദോഷമായി ബാധിക്കുന്നതും അവന്റെ ഉത്തമ ബോധ്യത്തോടെയല്ലാതെ സംഭവിക്കുകയില്ല. അവന്റെ തീരുമാനങ്ങളെ ആർക്കും സ്വാധീനിക്കാനാവില്ല. അവന്റെ കാരുണ്യം എല്ലാ വസ്തുക്കളിലും വിശാലമാണ്. അവന്റെ ക്രോധത്തെ അവന്റെ കാരുണ്യം അതിജയിച്ചിട്ടുണ്ട്. കുറ്റങ്ങളുടെ കൂമ്പാരങ്ങൾ പേറി നടക്കുന്നവർക്കും കുറ്റങ്ങൾ വെടിഞ്ഞ്, പശ്ചാത്തപിച്ച് പ്രതീക്ഷയോടെ അവനെ സമീപിക്കാവുന്നതാണ്.

സാഷ്ടാംഗ പ്രണാമം അവന്ന് മാത്രം അവകാശപ്പെട്ടതാണ്. ശവകുടീര വാണിഭക്കാരുടെയും വ്യാജ സിദ്ധന്മാരുടെയും മറ്റും പിന്നാലെ പോയി വഴിതെറ്റിയ തന്റെ വിശ്വാസത്തെ ശരിയായ പാതയിലേക്ക് തിരിച്ചു കൊണ്ടുവരാൻ ആഗ്രഹിക്കുന്നവർക്ക് ഏകനായ ആരാധ്യനിലേക്ക് തിരിഞ്ഞുനോക്കുകയേ തരമുള്ളൂ.

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ അവർക്ക് ഏറ്റവും അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ വിളിക്ക് അവർ ഉത്തരം ചെയ്യുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (ക്വുർആൻ 2:186). ■




# മാനസിക വിമന്ദനം

## ഡോ. മുനവ്വർ

മനഃശാസ്ത്രജ്ഞന്മാർ, മനോരോഗ ചികിത്സകർ, സിരാരോഗ ചികിത്സകർ, ശിശുരോഗവിദഗ്ധർ എന്നിവരാണ് 'മാനസിക വിമന്ദനം' (Mental Ratardation) എന്ന പദം സാധാരണ ഉപയോഗിക്കാറുള്ളത്. ജനനം മുതൽ; അല്ലെങ്കിൽ ശൈശവം, ബാല്യം, കൗമാരം തുടങ്ങി മറ്റേതെങ്കിലും ഘട്ടത്തിൽ ഉണ്ടാകുന്ന മാനസിക വളർച്ചക്കുറവവിനെ, അല്ലെങ്കിൽ ബുദ്ധിക്കുറവിനെയാണ് ഇതു സൂചിപ്പിക്കുന്നത്. 'മാനസികവൈകല്യം' എന്നും ഇതിനെ പറയാറുണ്ട്. വ്യക്തിയുടെ തെറ്റായ കാഴ്ചപ്പാടുകൾ, ചിന്താരീതി, വൈകാരികവും സാമൂഹികവുമായ പ്രതികരണങ്ങൾ എന്നിവയിൽകൂടി മാനസിക വിമന്ദനം പ്രകടമാകുന്നതാണ്. മാനസിക വിമന്ദനം ബാധിച്ചവരെ 'മാനസിക വിമന്ദനർ' എന്നും പറയാറുണ്ട്. ബുദ്ധിപരമായ കഴിവുകൾ ആർജിക്കുന്നതിലും വൈകാരിക സന്തുലിതാവസ്ഥ കൈവരിക്കുന്നതിലും സാമൂഹികപക്വത പ്രകടിപ്പിക്കുന്നതിലും ഇവർ വിമന്ദനം പ്രകടിപ്പിക്കും. ശാരീരിക പ്രൗഢത കൈവരിച്ചാലും ഇവരുടെ വൈകാരികവും സാമൂഹികവുമായ വ്യവഹാരങ്ങൾ കൊച്ചുകുട്ടികളുടേതു പോലെയായിരിക്കും.

'ദി അമേരിക്കൻ അസോസിയേഷൻ ഓഫ് മെന്റൽ ഡെഫിഷ്യൻസി' (AAMD) മാനസിക വിമന്ദനത്തെ തരംതിരിക്കുകയും വ്യക്തമായി നിർവചിക്കുകയും ചെയ്തിട്ടുണ്ട്. 1983ൽ അതിന്റെ ഏറ്റവും ഒടുവിലത്തെ പുനഃപരിശോധനയിൽ എച്ച്.ജെ. ഗ്രോസ്മാൻ (H.J. Grossman) മാനസിക വിമന്ദനത്തെ ഇപ്രകാരം നിർവചിച്ചിരിക്കുന്നു:

"പൊതുവായിട്ടുള്ള ബുദ്ധിവ്യാപാരം വ്യക്തമായും ശരാശരിനിലവാരത്തിൽ കുറഞ്ഞിരിക്കുകയും ഈ കുറവ് വികാസഘട്ടത്തിലെ അനുവർത്തിവ്യവഹാരത്തിലെ കുറവിനോടൊപ്പം നിലനിൽക്കുകയും ചെയ്യുകയാണെങ്കിൽ അതിനെ മാനസിക വിമന്ദനം എന്നു നിർവചിക്കാവുന്നതാണ്."

'വ്യക്തമായും ശരാശരി നിലവാരത്തിൽ കുറവ്' എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ബുദ്ധിമാനം (IQ) എഴുപതോ അതിൽ കുറവോ എന്നാണ്. പ്രായത്തിനും സാംസ്കാരിക നിലവാരത്തിനും അനുസരണമായി വ്യക്തിപരവും സാമൂഹികവുമായ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ വ്യക്തി എത്രത്തോളം കഴിവു പ്രകടിപ്പിക്കുന്നു എന്നതാണ് അനുവർത്തി വ്യവഹാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജനനം മുതൽ 18 വയസ്സുവരെയുള്ള കാലഘട്ടമാണ് വികാസഘട്ടം. ബുദ്ധിവ്യാപാരത്തിന്റെ കുറഞ്ഞനിലവാരം, സാമൂഹിക മാനദണ്ഡത്തിനനുസൃതമായി ഉയരാത്ത അനുവർത്തിവ്യവഹാരം എന്നിവയെ മാനസിക വിമന്ദനത്തിന്റെ തെളിവായി കരുതാവുന്നതാണ്.

ബുദ്ധിമാനത്തിന്റെ (IQ) സ്ഥിതിവിവരവിതരണത്തെ ആശ്രയിച്ചാണ് 'ദി അമേരിക്കൻ അസോസിയേഷൻ ഒഫ് മെന്റൽ ഡെഫിഷ്യൻസി' മാനസിക വിമന്ദന വിഭജനം നടത്തിയിട്ടുള്ളത്. ഇതിന്റെ പട്ടികയും അതിനെക്കുറിച്ചുള്ള ചർച്ചയും താഴെ കൊടുക്കുന്നു:

| മാനസിക വിമന്ദനം | ബുദ്ധിമാനവിന്യാസം (IQ range) |
|---|---|
| 1. വളരെ ചെറിയതോതിലുള്ള മാനസിക വിമന്ദനം | 55-69 |
| 2. സാമാന്യതോതിലുള്ള മാനസിക വിമന്ദനം | 40-54 |
| 3. കടുത്തതോതിലുള്ള മാനസിക വിമന്ദനം | 25-39 |
| 4. വളരെ കടുത്തതോതിലുള്ള മാനസിക വിമന്ദനം | 25ൽ കുറവ് |

### 1. വളരെ ചെറിയതോതിലുള്ള മാനസിക വിമന്ദനം (Mild mental Retardation):

മാനസിക വിമന്ദനക്കാരിൽ ഏറിയപങ്കും വളരെ ചെറിയതോതിലുള്ള മാനസിക വിമന്ദന വിഭാഗത്തിൽപെടുന്നവരാണ്. സാധാരണക്കാരായ കുട്ടികളുമായി താരതമ്യം ചെയ്താൽ ഇവർ സാവധാനത്തിലായിരിക്കും കാര്യങ്ങൾ നിർവഹിക്കുക. ഇവരിൽ ജാഗ്രത, ജിജ്ഞാസ എന്നിവ കുറവായിരിക്കും. അതുപോലെതന്നെ വൈകാരിക പ്രതികരണങ്ങളും സാ

വകാശത്തിൽ മാത്രമെ ഇവരിൽ ഉണ്ടാകുകയുള്ളൂ. ഇവർ പൊതുവെ നിഷ്ക്രിയരും പ്രതികരണശേഷി കുറഞ്ഞവരും ആയിരിക്കും. ഇവരെ എളുപ്പത്തിൽ മടയരാക്കുന്നതിനും വിശ്വസിപ്പിക്കുന്നതിനും സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിലേക്കോ അല്ലെങ്കിൽ കുറ്റകരമായ മറ്റു പ്രവൃത്തികളിലേക്കോ തള്ളിവിടുന്നതിനും കഴിയും. ഇവരുടെ ചിന്ത അപക്വവും അമൂർത്തവും ആയിരിക്കും. സാധാരണ വിദ്യാലയത്തിൽ പഠിപ്പിച്ചാൽ ഇവരുടെ സ്ഥാനം മറ്റുള്ളവരിൽനിന്നു പിന്നിലായിരിക്കും. ഉദ്ദേശിക്കുന്ന നിലവാരം ഇവർക്കു പുലർത്താൻ കഴിയാതെവരും. നഴ്സറി വിദ്യാഭ്യാസഘട്ടത്തിൽ സാമൂഹികബന്ധം സ്ഥാപിക്കുന്നതിനുള്ള ചില കഴിവുകൾ ആർജിക്കുമെങ്കിലും ഇന്ദ്രിയവൈദഗ്ധ്യവും കായിക വൈദഗ്ധ്യവും ആർജിക്കുന്നതിൽ മറ്റുള്ളവരെ അപേക്ഷിച്ച് ഇവർ പിന്നിലായിരിക്കും. എഴുത്തും വായനയും പരിശീലിപ്പിച്ചു തുടങ്ങുന്നതുവരെ മറ്റു ശിശുക്കളിൽനിന്നും ഇവരെ വേർതിരിച്ചറിയുക സാധ്യമല്ല. പഠനത്തിൽ മാന്ദ്യം പുലർത്തുന്ന ഇവർക്ക് കൗമാരഘട്ടത്തിൽ എത്തുന്നതോടെ വായിക്കുന്നതിനും താരതമ്യേന എളുപ്പമുള്ള കണക്കുകൾ ചെയ്യുന്നതിനും കഴിയുന്നതാണ്. സ്കൂളിൽ ഇവർക്ക് അധ്യാപകരുടെ പ്രത്യേക പരിഗണനയും ആവശ്യമായി വരാം. ചിലപ്പോൾ പ്രത്യേക ക്ലാസ്സുകളും പ്രത്യേക സ്കൂൾതന്നെയും ആവശ്യമായി വരാവുന്നതാണ്.

**2. സാമാന്യ തോതിലുള്ള മാനസിക വിമന്ദനം**
(Moderate Mental Retardation):

ശൈശവത്തിൽ ഇവരെ സാമാന്യശിശുക്കളിൽനിന്നും വളരെ ചെറിയതോതിലുള്ള മാനസിക വിമന്ദനം ബാധിച്ചവരിൽനിന്നും വേർതിരിച്ചറിയുക എളുപ്പമല്ല. 5-6 വയസ്സ് പ്രായമാകുമ്പോൾ സാമാന്യതോതിലുള്ള മാനസിക വിമന്ദനക്കാർക്ക് ആശയവിനിമയത്തിനുള്ള ചില വൈദഗ്ധ്യങ്ങൾ ആർജിക്കുവാൻ കഴിയും; ഇവർക്ക് സാധാരണ കുട്ടികളെപ്പോലെ സമൂഹത്തിൽ വ്യവഹാരം നടത്താൻ കഴിയില്ല. ഇവരും കായികവികാസവും സാധാരണകുട്ടികളെ അപേക്ഷിച്ചു മോശമായിരിക്കും; പരിശീലനത്തിലൂടെ കുടുംബജീവിതത്തിന് അനുയോജ്യമായ വ്യവഹാരങ്ങൾ സ്വായത്തമാക്കാൻ കഴിയുന്നതാണ്. വിദ്യാഭ്യാസ ജീവിതകാലഘട്ടത്തിൽ പഠനസംബന്ധമായിട്ടുള്ള കുറെ കാര്യങ്ങൾ ഗ്രഹിക്കാനും ഇവർക്കു കഴിയും. അനുയോജ്യമായ പരിശീലനവും ഉപദേശവും നൽകുക വഴി നിത്യജീവിതത്തിലെ സ്വന്തം കാര്യങ്ങൾ നോക്കാൻ ഇവരെ പ്രാപ്തരാക്കി മാറ്റാവുന്നതാണ്. ആഹാരം കഴിക്കുന്നതിനും വസ്ത്രധാരണം നടത്തുന്നതിനും വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കുന്നതിനും ടോയ്‌ലറ്റ് ഉപയോഗിക്കുന്നതിനും ഉള്ള കഴിവുകൾ ഇവർക്ക് ആർജിക്കാൻ കഴിയും. എന്നാൽ സാധാരണ സ്കൂളിൽ പഠിക്കാനുള്ള കഴിവ് ഇവർക്ക് ഉണ്ടായിരിക്കുന്നതല്ല. അതിനാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഇവർക്ക് പ്രത്യേക തരത്തിലുള വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകാവുന്നതാണ്. ഇതിനു ശേഷം സംരക്ഷിത തൊഴിൽ കേന്ദ്രങ്ങളിൽ വിദഗ്ധമേൽനോട്ടക്കാരുടെ കീഴിൽ ഇവരെക്കൊണ്ടു പ്രവൃത്തി എടുപ്പിക്കാവുന്നതാണ്.

പ്രത്യക പരിശീലനത്തിലൂടെ ഇവരിൽ ചിലരെ ചെറിയതോതിൽ വായിക്കാനും എഴുതാനും പഠിപ്പിക്കാൻ കഴിയുമെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു. ചിലർക്ക് സംസാരത്തിൽ നല്ല പുരോഗതി ആർജിക്കാൻ കഴിയുമെന്നു ചില പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. സാമാന്യതോതിലുള്ള മാനസിക വിമന്ദനം ബാധിച്ചിട്ടുള്ള എല്ലാവരിലും പഠനശേഷിയും ആവിഷ്കാര ശേഷിയും താരതമ്യേന കുറവായിട്ടാണ് കാണപ്പെടുന്നത്. ഇവർ പൊതുവിൽ വികൃതലക്ഷണക്കാരും മോശമായ വിധത്തിൽ വസ്ത്രധാരണം നടത്തുന്നവരും ആയിരിക്കും. അധികം പേർക്കും ശാരീരികമായി എന്തെങ്കിലും വൈകല്യം ഉണ്ടായിരിക്കും. കായിക കഴിവുകളും മോശമായിരിക്കും. ഇത്തരക്കാരിൽ ചെറിയൊരുവിഭാഗം കാഴ്ചയിൽ വിനയമുള്ളവരും ശുദ്ധന്മാരുമായി തോന്നുമെങ്കിലും ശത്രുത പുലർത്തുന്നവരും ആക്രമണകാരികളുമായിരിക്കും.

**3. കടുത്ത തോതിലുള്ള മാനസിക വിമന്ദനം**
(Severe Mental Retardation):

വളരെ ചെറിയതോതിലുള്ള മാനസിക വിമന്ദനക്കാരിൽനിന്നും സാമാന്യതോതിലുള്ള മാനസിക വിമന്ദനക്കാരിൽനിന്നും ഏറെ വ്യത്യസ്തരാണ് ഇക്കൂട്ടർ. ഉദാഹരണം: 3-5 വയസ്സ് പ്രായമുള്ളപ്പോൾ ഇവരുടെ കായികവും ഭാഷാപരവുമായ കഴിവുകൾ വളരെ മോശമായിരിക്കും. എന്നാൽ അനുയോജ്യമായ പരിശീലനത്തിലൂടെയും ആംഗ്യത്തിലൂടെയും ലഘുഭാഷണങ്ങളിലൂടെയും ആശയവിനിമയം നടത്തുന്നതിനും സ്വന്തം കാര്യങ്ങൾ നോക്കുന്നതിനും സാവകാശത്തിൽ ഇവരെ പ്രാപ്തരാക്കി മാറ്റാവുന്നതാണ്. ഈ വിഭാഗത്തിൽപെടുന്ന കുട്ടികളിൽ ശാരീരികവും മാനസികവുമായിട്ടുള്ള നിരവധി അപസാമാന്യതകൾ കാണാൻ കഴിയും. ശരീരത്തിന് അനുയോജ്യമല്ലാത്ത രീതിയിൽ വളർന്നതും വികൃതവുമായിട്ടുള്ള തല, കൈകാലുകൾ എന്നിവ ഏറെപ്പേരിലും ഉള്ള ഒരു ന്യൂനതയാണ്. ചിലപ്പോൾ ശരീരം മൊത്തത്തിൽതന്നെ വികൃതമായിരിക്കും.

**4. വളരെ കടുത്തതോതിലുള്ള മാനസിക വിമന്ദനം**
(Profound Mental Retardation):

ഏറ്റവും കടുത്ത മാനസിക വിമന്ദനമാണിത്. ജീവിതത്തിന്റെ ആദ്യ ദശകങ്ങളിൽ ഇവരിൽ ഇന്ദ്രിയ-ചലന ശേഷികളുടെ വികാസവും ഭാഷാപരമായ വികാസവും ഒട്ടും തന്നെ ഉണ്ടാകുന്നതല്ല. ഇവർക്ക് വളരെ ശ്രദ്ധയോടെയുള്ള പരിചരണവും ജീവിതകാലം മുഴുവനും പ്രത്യേക താമസസൗകര്യങ്ങളും ആവശ്യമായി വരും. ■




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

**ഇ-കോടതി**

പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ ശൃംഖലകളുടെ വിവരവിനിമയശേഷി പ്രയോജനപ്പെടുത്തുന്ന കോടതിയാണ് ഇ-കോടതി (E-Court). വർധിച്ച കാര്യക്ഷമതയോടും സുതാര്യതയോടുംകൂടെ പ്രവർത്തിക്കാൻ ഇത്തരം കോടതികൾക്ക് കഴിയുന്നതായിരിക്കും.

**അവശ്യസാധന നിയമകോടതി**

അവശ്യസാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ച കേസുകൾ വിചാരണചെയ്യുന്നതിനുള്ള പ്രത്യേക കോടതിയാണ് അവശ്യസാധന നിയമകോടതി (Essential Commodities Court). ജില്ലാ ജഡ്ജിയുടെ പദവിയിലുള്ളയാളായിരിക്കും ഈ കോടതിയിലെ ന്യായാധിപൻ. വിധിയിൻമേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

**സൈനികകോടതി**

സൈനികനിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഇന്ത്യൻ സേനാംഗങ്ങളെ വിചാരണ ചെയ്യുന്നതിനായി സംഘടിപ്പിക്കപ്പെടുന്ന, സൈനിക ഓഫീസർമാർ മാത്രം അടങ്ങുന്നതായ ഒരു കോടതിയാണ് സൈനികകോടതി (Court-martial). നാലുതരം സൈനിക കോടതികളുണ്ട്:

1. ജനറൽ കോർട്ട് മാർഷൽ (General Court Martial): ഈ സൈനികകോടതിയിൽ അഞ്ചിൽ കുറയാത്ത സൈനിക ഓഫീസർമാർ അംഗങ്ങളായുണ്ടായിരിക്കും. ഇവർ അവരവരുടെ കമ്മീഷൻഡ് റാങ്കിൽ മൂന്നുവർഷത്തിൽ കുറയാത്ത സർവീസ് ഉള്ളവരായിരിക്കണം. നാല് അംഗങ്ങൾ ക്യാപ്റ്റൻ റാങ്കിൽ താഴെയല്ലാത്തവർ ആയിരിക്കേണ്ടതുമാണ്. ഇവരിൽ സീനിയർ ആയ അംഗമായിരിക്കും കോടതിയിലെ പ്രിസൈഡിംഗ് ഓഫീസർ. ഒരു ജഡ്ജ് അഡ്വക്കേറ്റ് വിചാരണവേളയിൽ കോടതിയിൽ സന്നിഹിതനായിരിക്കണം. സൈന്യത്തിലെ ജഡ്ജ് അഡ്വക്കേറ്റ് ജനറൽ (ജെഎജി) വിഭാഗത്തിൽ നിന്നുള്ള ഒരു ഓഫീസറായിരിക്കും ജഡ്ജ് അഡ്വക്കേറ്റ്. ജഡ്ജ് അഡ്വക്കേറ്റ് കോടതിയിൽ ജഡ്ജ് അഡ്വക്കേറ്റ് ജനറലിനെയാണ് പ്രതിനിധാനം ചെയ്യുക. വിചാരണയിൽ പങ്കെടുക്കുന്നതിന് പ്രോസിക്യൂഷൻ ഭാഗത്തേക്ക് ആർമി ആക്ടിലെ വ്യവസ്ഥപ്രകാരം നിയോഗിക്കപ്പെടുന്ന ഒരു പ്രോസിക്യൂട്ടറും, കൂടാതെ പ്രതിയെ പ്രതിനിധാനം ചെയ്യുന്നതിന് ഒരു മിലിട്ടറി ലോയറും ഉണ്ടായിരിക്കും.

സാക്ഷികളുടെ വിസ്താരവും തെളിവെടുപ്പും വാദവുമെല്ലാം പൂർത്തിയായശേഷം, വിചാരണാന്ത്യത്തിൽ, ജഡ്ജ് അഡ്വക്കേറ്റ് തെളിവുകളെക്കുറിച്ചും മറ്റുമുള്ള ഒരു പുനരവലോകനം നടത്തുന്നതും, കേസ് തീരുമാനത്തിന് ഉതകുന്ന നിയമോപദേശങ്ങൾ കോടതിക്ക് നൽകുന്നതുമാണ്. ഭൂരിപക്ഷം അംഗങ്ങളുടെ വോട്ടുകൾ ലഭിക്കു

ന്ന തീരുമാനമായിരിക്കും കോടതിയുടെ തീരുമാനം. വോട്ടുകൾ തുല്യമായുള്ള തീരുമാനങ്ങൾ ഉണ്ടായെന്നാൽ ഇവയിൽ പ്രതിക്ക് അനുകൂലമായ തീരുമാനമായിരിക്കും കോടതിയുടെ തീരുമാനം. വധശിക്ഷ, 14 വർഷം വരെ തടവ്, ഡിസ്മിസ്സൽ, തരംതാഴ്ത്തൽ, താക്കീതു നൽകൽ തുടങ്ങി ഒട്ടേറെ ശിക്ഷകൾ കോടതിക്ക് വിധിക്കാവുന്നതാണ്. എന്നാൽ വധശിക്ഷ വിധിക്കണമെങ്കിൽ അംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗം അതിനോടു യോജിച്ചിരിക്കണം.

2. സമ്മറി ജനറൽ കോർട്ട് മാർഷൽ (Summary General Court- Martial): : ഈ സൈനിക കോടതിയിൽ മൂന്നു സൈനിക ഓഫീസർമാർ അംഗങ്ങളായി ഉണ്ടായിരിക്കുന്നതാണ്. പ്രിസൈഡിംഗ് ഓഫീസർ ഇവരിൽ സീനിയറായ അംഗമായിരിക്കണം. പ്രതിക്ക് വധശിക്ഷ ലഭിക്കണമെങ്കിൽ അംഗങ്ങളെല്ലാവരും അതിനോട് യോജിച്ചിരിക്കണം.

3. ഡിസ്ട്രിക്റ്റ് കോർട്ട് മാർഷൽ (District Court- Martial): ഈ സൈനിക കോടതിയിൽ രണ്ടുവർഷത്തിൽ കുറയാതെ സർവീസുള്ള മൂന്നിൽ കുറയാത്ത സൈനിക ഓഫീസർമാർ അംഗങ്ങളായി ഉണ്ടായിരിക്കും. സീനിയർ അംഗമായിരിക്കും പ്രിസൈഡിംഗ് ഓഫീസർ. സൈന്യത്തിലെ ഓഫീസർമാരോ ജൂനിയർ ഓഫീസർമാരോ ഒഴികെയുള്ള ഏതൊരു സേനാംഗത്തെയും സൈനിക നിയമപ്രകാരമുള്ള കുറ്റങ്ങൾക്ക് വിചാരണ ചെയ്യാൻ ഈ കോടതിക്ക് അധികാരമുണ്ട്. വധശിക്ഷയോ, രണ്ടുവർഷത്തിൽ കവിഞ്ഞ തടവുശിക്ഷയോ ഒഴികെയുള്ള ശിക്ഷകൾ ഈ കോടതിക്ക് വിധിക്കാവുന്നതാണ്.

4. സമ്മറി കോർട്ട് മാർഷൽ (Summary Court- Martial): ഏതെങ്കിലും സൈനിക വിഭാഗത്തിലെ ഒരു കമാൻഡർ മാത്രം ഉൾക്കൊള്ളുന്നതായിരിക്കും ഈ സൈനിക കോടതി. എന്നാൽ രണ്ടു സൈനിക ഓഫീസർമാരോ,



അല്ലെങ്കിൽ രണ്ട് ജൂനിയർ കമ്മീഷൻഡ് ഓഫീസർമാരോ, അല്ലെങ്കിൽ ഒരു സൈനിക ഓഫീസറും ഒരു ജൂനിയർ കമ്മീഷൻഡ് ഓഫീസറുമോ വിചാരണവേളയിലുടനീളം കോടതിയിൽ സന്നിഹിതരായിരിക്കണം. സൈനിക ഓഫീസറോ വാറന്റ് ഓഫീസറോ ഒഴികെയുള്ള ഏതൊരു സേനാംഗത്തെയും ഈ കോടതിക്ക് കുറ്റവിചാരണ ചെയ്യാവുന്നതാണ്. ലെഫ്. കേണൽ റാങ്കിലോ അതിനു മുകളിലുള്ള റാങ്കിലോ പെടുന്ന ഓഫീസറോ ആണ് ഈ ഏകാംഗ കോടതിയെങ്കിൽ ഒരു വർഷത്തെയും മേൽപറഞ്ഞ റാങ്കിൽ താഴെയുള്ള ഓഫീസറാണ് ഈ കോടതിയെങ്കിൽ മൂന്നുമാസം വരെയും തടവുശിക്ഷ വിധിക്കാവുന്നതാണ്.

**ജഡ്ജ് അഡ്വക്കേറ്റ്-ജനറൽ**

ജഡ്ജ് അഡ്വക്കേറ്റ്-ജനറൽ ഇന്ത്യൻ സേനയുടെ നിയമനീതിന്യായ കാര്യങ്ങളുടെ ചുമതല വഹിക്കുന്ന വകുപ്പിന്റെ മേധാവിയായ, സൈനിക നിയമവിദഗ്ധൻകൂടിയായ ഒരു മേജർ ജനറലോ, ഒരു റിയർ അഡ്മിറലോ ഒരു എയർ വൈസ് മാർഷലോ ആയിരിക്കുന്നതാണ്. കര-നാവിക-വ്യോമസേനാവിഭാഗങ്ങളുമായി ബന്ധപ്പെട്ട സിവിൽ സർവീസ് കേസുകളും സൈനിക കോടതി വിധികളിന്മേലുള്ള അപ്പീലുകളും, ആംഡ് ഫോഴ്സസ് ട്രൈബ്യൂണൽ വിചാരണ ചെയ്യുമ്പോൾ, അഡ്മിനിസ്ട്രേറ്റീവ് മെംബർ എന്ന നിലയിൽ ട്രൈബ്യൂണലിൽ ഹാജരാകുന്നത്, ജഡ്ജ് അഡ്വക്കേറ്റ്-ജനറലായി ഒരു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിട്ടുള്ള മേൽപറഞ്ഞ റാങ്കുകളിലേതിലെങ്കിലും പെടുന്ന സേനാ ഓഫീസറായിരിക്കും. സേനാംഗങ്ങൾക്കെതിരായ സൈനിക നിയമലംഘനക്കുറ്റങ്ങൾ വിചാരണചെയ്യുന്ന സൈനിക കോടതിയിൽ, ഒരു ജഡ്ജ് അഡ്വക്കേറ്റ് ആയിരിക്കും ജഡ്ജ് അഡ്വക്കേറ്റ്-ജനറലിനെ പ്രതിനിധാനം ചെയ്യുന്നത്. ജഡ്ജ് അഡ്വക്കേറ്റുമാർ ജഡ്ജ് അഡ്വക്കേറ്റ്-ജനറലിന്റെ വകുപ്പിലുള്ള സൈനിക നിയമവിദഗ്ധരായ ഓഫീസർമാരാണ്. ജഡ്ജ് അഡ്വക്കേറ്റ്-ജനറൽ ആംഡ് ഫോഴ്സസ് ട്രൈബ്യൂണലിനും, ജഡ്ജ് അഡ്വക്കേറ്റുമാർ സൈനികകോടതിക്കും കേസുമായി ബന്ധപ്പെട്ട സൈനിക നിയമപരമായ കാര്യങ്ങൾ സംബന്ധിച്ച് വേണ്ട ഉപദേശങ്ങൾ നൽകുന്നതായിരിക്കും. ഇന്ത്യൻ സേനയിൽ ഒരു പ്രത്യേക ജെഎജി (JAG) വിഭാഗം തന്നെയുണ്ട്. നിയമബിരുദധാരികളിൽനിന്നു മാത്രമായിരിക്കും ഈ വിഭാഗത്തിലേക്കുള്ള കര-നാവിക-വ്യോമസേനാ ഓഫീസർമാരെ തെരഞ്ഞെടുക്കുന്നത്.

**(അവലംബം)**




# മുസ്‌ലിം വ്യക്തിത്വം

സമീർ മുണ്ടേരി

*“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.”*

*(ക്വുർആൻ 4:1).*

ആദം നബി(അ)യാണ് അല്ലാഹു സൃഷ്ടിച്ച ആദ്യത്തെ മനുഷ്യൻ. പിന്നീട് അദ്ദേഹത്തിന് ഒരു ഇണയെ അല്ലാഹു സൃഷ്ടിച്ചു നൽകി. അവർ ഇരുവരിൽനിന്നുമാണ് ആദ്യമായി ഒരു കുടുംബവും പിന്നീട് ഒരു സമൂഹവും രൂപപ്പെടുന്നത്. നാം ഓരോരുത്തരും ഈ സമൂഹത്തിലെ ഒരു വ്യക്തിയാണ്.



**ഓരോ വ്യക്തിയും സംസ്കരിക്കപ്പെടുമ്പോഴാണ് സമൂഹത്തിലും കുടുംബത്തിലും പരിവർത്തനങ്ങൾ സംഭവിക്കുക. നമ്മുടെ സംസാരം, സ്വഭാവം, പെരുമാറ്റമര്യാദകൾ തുടങ്ങിയവയെല്ലാം നന്മ നിറഞ്ഞതും മറ്റുള്ളവർക്ക് അനുകരണീയവുമായിരിക്കണം. പലരും പൊതുസമൂഹത്തിന്റെ മുന്നിൽ ഏറ്റവും നല്ല വ്യക്തിത്വത്തിന്റെ ഉടമയായി അഭിനയിക്കുകയും സ്വകാര്യതയിൽ ഏറ്റവും മോശം വ്യക്തിയായി ജീവിക്കുകയും ചെയ്യുന്നു എന്നത് യാഥാർഥ്യമാണ്. ഒരു മുസ്‌ലിം പരസ്യമായും സ്വകാര്യമായും അല്ലാഹുവിനെ സൂക്ഷിക്കേണ്ടവനാണ്. സ്വകാര്യതകളിൽ അല്ലാഹുവിനെയും അവന്റെ വിധിവിലക്കുകളെയും മറക്കുന്നവർക്ക് പരലോകത്ത് കഠിനമായ ശിക്ഷ ലഭിക്കുമെന്ന് ഇസ്‌ലാം മുന്നറിയിപ്പു നൽകിയിട്ടുണ്ട്.**

ഓരോ വ്യക്തിയും സംസ്കരിക്കപ്പെടുമ്പോഴാണ് സമൂഹത്തിലും കുടുംബത്തിലും പരിവർത്തനങ്ങൾ സംഭവിക്കുക. നമ്മുടെ സംസാരം, സ്വഭാവം, പെരുമാറ്റമര്യാദകൾ തുടങ്ങിയവയെല്ലാം നന്മ നിറഞ്ഞതും മറ്റുള്ളവർക്ക് അനുകരണീയവുമായിരിക്കണം. പലരും പൊതുസമൂഹത്തിന്റെ മുന്നിൽ ഏറ്റവും നല്ല വ്യക്തിത്വത്തിന്റെ ഉടമയായി അഭിനയിക്കുകയും സ്വകാര്യതയിൽ ഏറ്റവും മോശം വ്യക്തിയായി ജീവിക്കുകയും ചെയ്യുന്നു എന്നത് യാഥാർഥ്യമാണ്.

ഒരു മുസ്‌ലിം പരസ്യമായും സ്വകാര്യമായും അല്ലാഹുവിനെ സൂക്ഷിക്കേണ്ടവനാണ്. സ്വകാര്യതകളിൽ അല്ലാഹുവിനെയും അവന്റെ വിധിവിലക്കുകളെയും മറക്കുന്നവർക്ക് പരലോകത്ത് കഠിനമായ ശിക്ഷ ലഭിക്കുമെന്ന് ഇസ്‌ലാം മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഒരു നല്ല വ്യക്തിയെയും നന്മ നിറഞ്ഞ കുടുംബത്തെയും ഉത്തമ സമൂഹത്തെയും കെട്ടിപ്പടുക്കാൻ ഇസ്‌ലാം നിർദേശിച്ച ചില മാർഗങ്ങൾ നമുക്ക് പരിശോധിക്കാം.

### സ്വഭാവ സംസ്കരണത്തിന്റെ അനിവാര്യത

നമ്മെ മറ്റുള്ളവർ വിലയിരുത്തുക നമ്മുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. പെരുമാറ്റം മാന്യമാവുമ്പോൾ ചുറ്റിലുമുള്ളവർ നമ്മെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എന്നാൽ,മറ്റുള്ളവരുടെ ആദരവിനും പ്രശംസക്കും വേണ്ടിയല്ല നാം സ്വഭാവം നന്നാക്കേണ്ടത്. മറിച്ച് പരലോകത്തെ വിജയത്തിന് വേണ്ടിയായിരിക്കണം.

അബൂദർദാഅ്(റ) നിവേദനം; റസൂൽ(സ്വ) പറഞ്ഞു: "അന്ത്യനാളിൽ വിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തോളം കനം തൂങ്ങുന്ന മറ്റൊന്നുമില്ല'' (അബൂദാവൂദ്).

അബുദ്ദർദാഇ(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "സൽസ്വഭാവത്തെക്കാൾ അന്ത്യനാളിൽ ഒരു സത്യവിശ്വാസിയുടെ തുലാസിൽ കനം തൂങ്ങുന്ന യാതൊന്നുമില്ല. നിശ്ചയം, അല്ലാഹു നെറികെട്ടവനെയും തെമ്മാടിയെയും വെറുക്കുന്നു'' (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

മനുഷ്യന്റെ വ്യക്തിത്വത്തെ നിർണയിക്കുന്ന മാനദണ്ഡമാണ് സ്വഭാവം. മനുഷ്യരെ നല്ലവരെന്നും ദുഷ്ടരെന്നും സമൂഹം തരംതിരിക്കുന്നത് സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. മാനുഷിക ബന്ധങ്ങളെ സുദൃഢമാക്കുന്നതും അതിൽ വിള്ളലുകൾ വീഴ്ത്തുന്നതും സ്വഭാവത്തിലെ നന്മതിന്മകളാണ്. നല്ല സ്വഭാവം പരലോകവിജയത്തിന് നിദാനമാകുന്ന വലിയ നന്മയാണ് എന്നാണ് നബി(സ്വ) പഠിപ്പിക്കുന്നത്.

നബി(സ്വ) ഇരുപത്തിമൂന്നു വർഷംകൊണ്ട് ഒരു ജനതയെ മുഴുവൻ തന്റെ സൽസ്വഭാവംകൊണ്ട് കീഴടക്കിയ മഹാനാണ്. കഠിന ഹൃദയത്തിന്റെ ഉടമകളായിരുന്ന ബദ്ധവൈരികളെ പോലും വശ്യമായ പെരുമാറ്റംകൊണ്ട് തന്റെ അനുയായികളാക്കി മാറ്റുവാൻ നബി(സ്വ)ക്ക് കഴിഞ്ഞിട്ടുണ്ട്.

ജൂതനായിരുന്ന സൈദ്ബ്നു സഅ്ന ഒരിക്കൽ നബി(സ്വ)യോട് വളരെ പരുഷമായി പെരുമാറി.

**മനുഷ്യന്റെ വ്യക്തിത്വത്തെ നിർണയിക്കുന്ന മാനദണ്ഡമാണ് സ്വഭാവം. മനുഷ്യരെ നല്ലവരെന്നും ദുഷ്ടരെന്നും സമൂഹം തരംതിരിക്കുന്നത് സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ്. മാനുഷിക ബന്ധങ്ങളെ സുദൃഢമാക്കുന്നതും അതിൽ വിള്ളലുകൾ വീഴ്ത്തുന്നതും സ്വഭാവത്തിലെ നന്മതിന്മകളാണ്. നല്ല സ്വഭാവം പരലോകവിജയത്തിന് നിദാനമാകുന്ന വലിയ നന്മയാണ് എന്നാണ് നബി(സ്വ) പഠിപ്പിക്കുന്നത്. നബി(സ്വ) ഇരുപത്തിമൂന്നു വർഷംകൊണ്ട് ഒരു ജനതയെ മുഴുവൻ തന്റെ സൽസ്വഭാവംകൊണ്ട് കീഴടക്കിയ മഹാനാണ്. കഠിന ഹൃദയത്തിന്റെ ഉടമകളായിരുന്ന ബദ്ധവൈരികളെ പോലും വശ്യമായ പെരുമാറ്റംകൊണ്ട് തന്റെ അനുയായികളാക്കി മാറ്റുവാൻ നബി(സ്വ)ക്ക് കഴിഞ്ഞിട്ടുണ്ട്.**

അദ്ദേഹത്തിന് കുറച്ചു പണം ആവശ്യമായിരുന്നു. അദ്ദേഹം നബി(സ്വ)യോട് പറഞ്ഞു: 'മുഹമ്മദ്! നീ എന്റെ അവകാശം എനിക്ക് നൽകുക. നിങ്ങൾ അബ്ദുൽ മുത്ത്വലിബിന്റെ മക്കൾ വലിയ ഔദാര്യവാൻമാരാണല്ലോ.' നബി(സ്വ)യുടെ വസ്ത്രവും മേൽതട്ടവും കൂട്ടിപ്പിടിച്ച് തന്റെ അടുത്തേക്ക് വലിച്ചുകൊണ്ടുള്ള ഈ സംസാരം നബി(സ്വ)യുടെ കൂടെയുണ്ടായിരുന്ന ഉമറി(റ)ന് തീരെ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ദേഷ്യത്തോടെ പറഞ്ഞു: 'അല്ലാഹുവിന്റെ ശത്രുവേ, അല്ലാഹുവിന്റെ ദൂതനോടാണോ ഇത്തരം വർത്തമാനങ്ങൾ പറയുന്നതും വൃത്തികേടുകൾ കാട്ടിക്കൂട്ടുന്നതും? അദ്ദേഹത്തെ സത്യവുമായി നിയോഗിച്ചവനാണെ സത്യം, നബി(സ്വ)യുടെ ആക്ഷേപം ഭയന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ വാൾ നിന്റെ തല അറുക്കുമായിരുന്നു.' ഉമറിനെ നോക്കിക്കൊണ്ട് നബി(സ്വ) പറഞ്ഞു: 'ഉമർ, താങ്കൾ ഇപ്രകാരമല്ല പ്രതികരിക്കേണ്ടത്. അദ്ദേഹത്തിന് നൽകാനുള്ള പണം നൽകണമെന്ന് എന്നെ ഉപദേശിക്കുകയും അതൊടൊപ്പം സൈദിനോട് മാന്യമായി പെരുമാറാൻ നിർദേശിക്കുകയുമാണ് വേണ്ടത്.' തുടർന്ന് നബി(സ്വ) സൈദിനോടൊപ്പം പോയി അയാളുടെ അവകാശം നൽകുവാൻ കൽപിച്ചു. അതോടൊപ്പം ഇരുപത് സാഅ് ഈത്തപ്പഴം കൂടി അദ്ദേഹത്തിനു കൂടുതലായി ഉമർ(റ) നൽകുകയും ചെയ്തു.

താൻ പരുഷമായി പെരുമാറിയിട്ടുപോലും തന്നോട് മാന്യമായി സംസാരിച്ച നബി(സ്വ)യുടെ വ്യക്തിത്വ ത്തിൽ ആകൃഷ്ടനായ സൈദ് മനസ്സുമാറി മുസ്‌ലിമായി ത്തീർന്നു.

മനുഷ്യന്റെ ഔന്നിത്യത്തിന്റെ അളവുകോലായി ഇസ്‌ലാം നിശ്ചയിച്ചത് ഉൽകൃഷ്ട സ്വഭാവത്തെയാണ്. അതുകൊണ്ടാണ് നബി(സ്വ) പറഞ്ഞത്: 'നിങ്ങളിൽ ഏറ്റവും ഉത്തമർ ഏറ്റവും നല്ല സ്വഭാവമുള്ളവരാകു ന്നു.'

ഉന്നത സ്വഭാവ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന വ്യക്തികളെ വാർത്തെടുക്കുകവഴി സാമൂഹിക സംസ്കരണമാണ് ഇസ്‌ലാം ലക്ഷ്യംവയ്ക്കുന്നത്.

അബൂദർറി(റ)ൽ നിന്നും മുആദ് ഇബ്നു ജബലി(റ)ൽ നിന്നും നിവേദനം. നബി(സ) പറഞ്ഞു: "താങ്കൾ എവിടെയാണെങ്കിലും അല്ലാഹുവെ സൂക്ഷിക്കുക. തിന്മയെ നന്മ കൊണ്ട് തുടർത്തുക; തിന്മയെ നന്മ മായ്ച്ചുകളയും. ജനങ്ങളോടു നല്ല സ്വഭാവത്തിൽ പെരുമാറുക" (സുനനുത്തുർമുദി).

### കുടുംബജീവിതത്തിന്റെ പ്രാധാന്യം

ഒറ്റപ്പെടാൻ എത്ര ആഗ്രഹിച്ചാലും ഒറ്റക്ക് ജീവിക്കുക എന്നത് മനുഷ്യന് സാധ്യമല്ല, മുന്തിരിവള്ളിക്ക് വളരാൻ ഒരു താങ്ങ് ആവശ്യമായതുപോലെ മനുഷ്യനും വളർന്നു പടരാൻ ഒരു താങ്ങ് ആവശ്യമാണ്. കു ടുംബവും സമൂഹവുമാണ് മനുഷ്യന് വളരാനുള്ള ആ താങ്ങ്. അത് ലഭിച്ചില്ലെങ്കിൽ മനുഷ്യൻ ഉണങ്ങി നശിച്ചു പോകും. ഒരാളുടെ കുടുംബജീവിതത്തിലെ വിജയവും സംതൃപ്തിയും അദ്ദേഹത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിക്കുന്നതുപോലെ അവിടെയുണ്ടാകുന്ന പരാജയവും അസംതൃപ്തിയും നിഴൽപോലെ അദ്ദേഹത്തെ പിന്തുടരുകയും ചെയ്യും എന്നത് ഒരു സത്യമാണ്.





**ഒറ്റപ്പെടാൻ എത്ര ആഗ്രഹിച്ചാലും ഒറ്റക്ക് ജീവിക്കുക എന്നത് മനുഷ്യന് സാധ്യമല്ല, മുന്തിരിവള്ളിക്ക് വളരാൻ ഒരു താങ്ങ് ആവശ്യമായതുപോലെ മനുഷ്യനും വളർന്നുപടരാൻ ഒരു താങ്ങ് ആവശ്യമാണ്. കു ടുംബവും സമൂഹവുമാണ് മനുഷ്യന് വളരാനുള്ള ആ താങ്ങ്. അത് ലഭിച്ചില്ലെങ്കിൽ മനുഷ്യൻ ഉണങ്ങി നശിച്ചു പോകും. ഒരാളുടെ കുടുംബജീവിതത്തിലെ വിജയവും സംതൃപ്തിയും അദ്ദേഹത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിക്കുന്നതുപോലെ അവിടെയുണ്ടാകുന്ന പരാജയവും അസംതൃപ്തിയും നിഴൽപോലെ അദ്ദേഹത്തെ പിന്തുടരുകയും ചെയ്യും എന്നത് ഒരു സത്യമാണ്.**

"അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽനിന്നുതന്നെ ഇണകളെ ഉണ്ടാക്കുകയും നിങ്ങളുടെ ഇ ണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രന്മാരെയും പൗത്രൻമാരെയും ഉണ്ടാക്കിത്തരികയും വിശിഷ്ട വസ്തുക്കളിൽനിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അവർ അസത്യത്തിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കുകയുമാണോ ചെയ്യുന്നത്?" (ക്വുർആൻ 16:72).

വിവാഹം കഴിക്കാതെ ബ്രഹ്മചാരികളായി കഴിയുന്നവരും ലൈംഗികമായ ആവശ്യപൂർത്തീകരണത്തിന് വിവാഹം വേണ്ടെന്നും തോന്നിയതു പോലെ ജീവിതം നയിക്കാം എന്നും ചിന്തിക്കുന്നവർ ലോകത്തുണ്ട്. ഇസ്‌ലാം വിവാഹം കഴിക്കണമെന്നും ബ്രഹ്മചര്യം പാടില്ലെന്നും കൃത്യമായി പഠിപ്പിക്കുന്നു. തന്റെ ലൈംഗീക പൂർത്തീകരണത്തിന് വിവാഹമല്ലാത്ത മാർഗങ്ങൾ സ്വീകരിക്കുന്നത് നിഷിദ്ധമാണെന്നും പരലോകത്ത് കഠിന ശിക്ഷക്ക് കാരണമാകുമെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

അനസ്(റ) പറയുന്നത് കാണുക: "നബി(സ) ഞങ്ങളോട് വിവാഹം കഴിക്കുവാൻ കൽപിക്കുകയും ബ്രഹ്മചര്യം അനുഷ്ഠിക്കുന്നത് ശക്തിയായി നിരോധിക്കുകയും ചെയ്തിരിക്കുന്നു" (അഹ്മദ്).

"വിവാഹം കഴിക്കുന്നതോടെ ഒരാളുടെ മതത്തിന്റെ പകുതി പൂർത്തിയായി; ബാക്കി പകുതിയിൽ അയാൾ അല്ലാഹുവിനെ സൂക്ഷിച്ചുകൊള്ളട്ടെ" (ബൈഹക്വി).

### കടമകൾ വിസ്മരിക്കരുത്

കുടുംബമാകുന്ന നൗകയുടെ നേതൃത്വമേറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകാനുള്ള ഉത്തരവാദിത്തം ഇസ്‌ലാം ഏൽപിച്ചിരിക്കുന്നത് പുരുഷനെയാണ്. വിവാഹം കഴിക്കാനുള്ള കൽപനയിൽതന്നെ അത് കാണുവാൻ കഴിയും. ശാരീരിക, മാനസിക, സാമ്പത്തികശേഷിയുള്ളവരോടാണ് നബി(സ) വിവാഹം കഴിക്കാൻ കൽപിച്ചത്. തന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന പെൺകുട്ടിയെ സ്നേഹിക്കാനും എല്ലാ നിലയ്ക്കും സംരക്ഷിക്കാനുമുള്ള മനസ്സും കഴിവും തന്റേടവും പുരുഷന് ഉണ്ടായിരിക്കണം.

ഭാര്യയോടുള്ള ബാധ്യതകൾ എന്തൊക്കെയാണെന്ന് പ്രവാചകനോട് ഒരു അനുചരൻ ചോദിച്ചപ്പോൾ അവിടുന്ന് പ്രതിവചിച്ചു: "നീ ആഹരിക്കുന്നുവെങ്കിൽ അവളെയും ആഹരിപ്പിക്കുക, നീ വസ്ത്രം ധരിക്കുന്നുവെങ്കിൽ അവൾക്കും വസ്ത്രം നൽകുക, മുഖത്ത് അടിക്കാതിരിക്കുക, പുലഭ്യം പറയാതിരിക്കുക, കിടപ്പറയിൽവെച്ചല്ലാതെ അവളുമായി വിട്ടുനിൽക്കാതിരിക്കുക" (അബൂദാവൂദ്).

തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നബി(സ) ഇപ്രകാരം പറഞ്ഞു: "സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. മര്യാദപ്രകാരം ഭക്ഷണവും

**കുടുംബമാകുന്ന നൗകയുടെ നേതൃത്വമേറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകാനുള്ള ഉത്തരവാദിത്തം ഇസ്‌ലാം ഏൽപിച്ചിരിക്കുന്നത് പുരുഷനെയാണ്. വിവാഹം കഴിക്കാനുള്ള കൽപനയിൽതന്നെ അത് കാണുവാൻ കഴിയും. ശാരീരിക, മാനസിക, സാമ്പത്തികശേഷിയുള്ളവരോടാണ് നബി(സ്വ) വിവാഹം കഴിക്കാൻ കൽപിച്ചത്. തന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന പെൺകുട്ടിയെ സ്‌നേഹിക്കാനും എല്ലാ നിലയ്ക്കും സംരക്ഷിക്കാനുമുള്ള മനസ്സും കഴിവും തന്റേടവും പുരുഷന് ഉണ്ടായിരിക്കണം. ഭാര്യയോടുള്ള ബാധ്യതകൾ എന്തൊക്കെയാണെന്ന് പ്രവാചകനോട് ഒരു അനുചരൻ ചോദിച്ചപ്പോൾ അവിടുന്ന് പ്രതിവചിച്ചു: "നീ ആഹരിക്കുന്നുവെങ്കിൽ അവളെയും ആഹരിപ്പിക്കുക, നീ വസ്ത്രം ധരിക്കുന്നുവെങ്കിൽ അവൾക്കും വസ്ത്രം നൽകുക, മുഖത്ത് അടിക്കാതിരിക്കുക, പുലഭ്യം പറയാതിരിക്കുക, കിടപ്പറയിൽവെച്ചല്ലാതെ അവളുമായി വിട്ടുനിൽക്കാതിരിക്കുക" (അബൂദാവൂദ്). കുടുംബ ജീവിതത്തിൽ സമാധാനവും ശാന്തിയും നിലനിർത്താൻ ഭർത്താവിന് മാത്രമല്ല ചുമതലയുള്ളത്. ഭാര്യക്കും വലിയ ദൗത്യങ്ങളുണ്ട്. തന്റെ ഭർത്താവിന് താങ്ങും തണലുമായി അവൾ വർത്തിക്കേണ്ടതുണ്ട്.**

വസ്ത്രവും നൽകൽ നിങ്ങൾക്ക് അവരോടുള്ള ബാധ്യതയാകുന്നു" (മുസ്‌ലിം).

കുടുംബ ജീവിതത്തിൽ സമാധാനവും ശാന്തിയും നിലനിർത്താൻ ഭർത്താവിന് മാത്രമല്ല ചുമതലയുള്ളത്. ഭാര്യക്കും വലിയ ദൗത്യങ്ങളുണ്ട്. തന്റെ ഭർത്താവിന് താങ്ങും തണലുമായി അവൾ വർത്തിക്കേണ്ടതുണ്ട്.

ഒരിക്കൽ ഒരു സ്ത്രീയോട് പ്രവാചകൻ(സ്വ) പറഞ്ഞു: "ഭർത്താവ് നിന്റെ സ്വർഗവും നരകവുമാണ്" (അഹ്മദ്).

ആഇശ(റ)യിൽനിന്ന് നിവേദനം: സ്ത്രീക്ക് ഏറ്റവും കൂടുതൽ കടപ്പാട് ആരോടാണെന്ന് അന്വേഷിച്ച പ്പോൾ അവിടുന്ന് അരുൾ ചെയ്തു: "തന്റെ ഭർത്താവിനോട്." ഞാൻ ചോദിച്ചു: "പുരുഷന് ഏറ്റവുമധികം ബാധ്യത ആരോടാണ്?" തിരുമേനി(സ്വ) പറഞ്ഞു: "മാതാവിനോട്" (ഹാകിം).

പ്രവാചകൻ(സ്വ) പറഞ്ഞു: "ഏതെങ്കിലും ഒരു സ്ത്രീ മരിക്കുമ്പോൾ അവളുടെ ഭർത്താവ് അവളെ സംബന്ധിച്ച് സംതൃപ്തനായിരിക്കുന്നുവെങ്കിൽ അവൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്" (തുർമുദി).

"ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ താൽപര്യങ്ങൾ നിർവഹിച്ചു കൊടുക്കാതെ അല്ലാഹുവിനോടുള്ള ബാധ്യതകൾ നിർവഹിച്ചവളാവുകയില്ല" (ഹാകിം).

ഇണകൾ പരസ്പരമുള്ള കടമകൾ നിർവഹിക്കുമ്പോൾ, അവകാശങ്ങൾ വകവച്ചു കൊടുക്കുമ്പോൾ, വിട്ടുവീഴ്ച കാണിക്കുമ്പോൾ, വിശ്വാസ്യത പുലർത്തുമ്പോൾ കുടുംബ ജീവിതം ആനന്ദകരമാവും. 'മസ്കൻ' എന്ന പദമാണ് വീടിന് ക്വുർആൻ പ്രയോഗിച്ചിട്ടുള്ളത്. മനസ്സിന് സ്വസ്ഥതയും സമാധാനവും സന്തോഷവും പകർന്നുകൊടുക്കുന്ന ഇടം എന്ന് സാരം.

### സമൂഹത്തിന് മാതൃകയാവുക

വിവിധ മതങ്ങളും ദർശനങ്ങളും സ്വീകരിച്ചു ജീവിക്കുന്നവർ സമൂഹത്തിലുണ്ടാകും. ഒരു മതത്തിലും വിശ്വാസമില്ലാത്തവരുമുണ്ടാകും. എല്ലാവരോടും മാന്യമായി പെരുമാറുവാനും അവർക്കുള്ള അവകാശങ്ങൾ വകവെച്ചുകൊടുക്കുവാനും ഇസ്‌ലാം അനുശാസിക്കുന്നുണ്ട്. നബി(സ്വ) തന്റെ പ്രബോധന ജീവിതം ആരംഭിച്ചതു മുതൽ കൂടെ ജീവിച്ചവരും ചുറ്റുപാടിലുള്ളവരുമായിരുന്ന പലരും ഇസ്‌ലാം സ്വീകരിച്ചവരായിരുന്നില്ല. പലരും നബി(സ്വ)യെ അങ്ങേയറ്റം എതിർക്കുകയും ദ്രോഹിക്കുകയും ചെയ് തിരുന്നു. എന്നിട്ടുപോലും ആ സമൂഹത്തോട് മാന്യമായി പെരുമാറി മാതൃക കാണിച്ചാണ് നബി(സ്വ) ജീ വിച്ചത്.

അല്ലാഹു പറയുന്നു: "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ വീടുകളിൽനിന്ന് പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം, നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു" (ക്വുർആൻ 60:8).

നമ്മുടെ രാജ്യം ഒരു ബഹുമത സമൂഹ രാജ്യമാണ്. ഈ വൈവിധ്യമാണ് ഇന്ത്യുടെ സവിശേഷത. നമ്മുടെ ഭരണഘടനയനുസരിച്ച് ഒരു പൗരന് പൂർണ മതസ്വതന്ത്ര്യമുണ്ട്. ഏതു മതം സ്വീകരിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും അനുവാദമുണ്ട്. രാജ്യത്തിന്റെ പൊതുനിയമത്തിൽ എല്ലാ പൗരന്മാരും തുല്യരാണ്; ജാതിയോ, മതമോ, ലിംഗമോ, ദേശമോ, ഭാഷയോ ഭേദമില്ല. എല്ലാ മതവിശ്വാസികൾക്കും തങ്ങളുടെ മതാചാരങ്ങൾ അനുഷ്ഠിച്ച് ജീവിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നു. മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കുന്ന തരത്തിലാകരുതെന്ന് മാത്രം.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 45

# അൽജാസിയ

(മുട്ടുകുത്തുന്നവ)

(മക്കയിൽ അവതരിച്ചത്)

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَيُدْخِلُهُمْ رَبُّهُمْ فِى رَحْمَتِهِۦ ۚ ذَٰلِكَ هُوَ ٱلْفَوْزُ ٱلْمُبِينُ ﴿٣٠﴾

وَأَمَّا ٱلَّذِينَ كَفَرُوٓا۟ أَفَلَمْ تَكُنْ ءَايَٰتِى تُتْلَىٰ عَلَيْكُمْ فَٱسْتَكْبَرْتُمْ وَكُنتُمْ قَوْمًا مُّجْرِمِينَ ﴿٣١﴾

وَإِذَا قِيلَ إِنَّ وَعْدَ ٱللَّهِ حَقٌّ وَٱلسَّاعَةُ لَا رَيْبَ فِيهَا قُلْتُم مَّا نَدْرِى مَا ٱلسَّاعَةُ إِن نَّظُنُّ إِلَّا ظَنًّا وَمَا نَحْنُ بِمُسْتَيْقِنِينَ ﴿٣٢﴾

وَبَدَا لَهُمْ سَيِّـَٔاتُ مَا عَمِلُوا۟ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٣﴾

30. എന്നാൽ വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവരാരോ അവരെ അവരുടെ രക്ഷിതാവ് തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അതുതന്നെയാകുന്നു വ്യക്തമായ ഭാഗ്യം.

31. എന്നാൽ അവിശ്വസിച്ചവരാരോ (അവരോട് പറയപ്പെടും:) എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിക്കപ്പെട്ടിരുന്നില്ലേ? എന്നിട്ട് നിങ്ങൾ അഹങ്കരിക്കുകയും കുറ്റവാളികളായ ഒരു ജനതയാകുകയും ചെയ്തു.

32. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. ആ അന്ത്യസമയമാകട്ടെ അതിന്റെ കാര്യത്തിൽ യാതൊരു സംശയവുമില്ല എന്ന് പറയപ്പെട്ടാൽ നിങ്ങൾ പറയും: എന്താണ് അന്ത്യസമയമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഞങ്ങൾക്ക് ഒരുതരം ഊഹം മാത്രമാണുള്ളത്. ഞങ്ങൾക്ക് ഒരു ഉറപ്പുമില്ല.

33. തങ്ങൾ പ്രവർത്തിച്ചതിന്റെ ദൂഷ്യങ്ങൾ അവർക്കു വെളിപ്പെടുന്നതാണ്. അവർ എന്തിനെയാണോ പരിഹസിച്ചു കൊണ്ടിരുന്നത് അത് അവരെ വലയം ചെയ്യുന്നതുമാണ്.

وَقِيلَ ٱلۡيَوۡمَ نَنسَىٰكُمۡ كَمَا نَسِيتُمۡ لِقَآءَ يَوۡمِكُمۡ هَٰذَا
وَمَأۡوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن نَّٰصِرِينَ ٣٤

ذَٰلِكُم بِأَنَّكُمُ ٱتَّخَذۡتُمۡ ءَايَٰتِ ٱللَّهِ هُزُوٗا وَغَرَّتۡكُمُ
ٱلۡحَيَوٰةُ ٱلدُّنۡيَاۚ فَٱلۡيَوۡمَ لَا يُخۡرَجُونَ مِنۡهَا وَلَا هُمۡ
يُسۡتَعۡتَبُونَ ٣٥

فَلِلَّهِ ٱلۡحَمۡدُ رَبِّ ٱلسَّمَٰوَٰتِ وَرَبِّ ٱلۡأَرۡضِ رَبِّ
ٱلۡعَٰلَمِينَ ٣٦

وَلَهُ ٱلۡكِبۡرِيَآءُ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ وَهُوَ
ٱلۡعَزِيزُ ٱلۡحَكِيمُ ٣٧

34. (അവരോട്) പറയപ്പെടും: നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നത് നിങ്ങൾ മറന്നതുപോലെ ഇന്ന് നിങ്ങളെ നാം മറന്നുകളയുന്നു. നിങ്ങളുടെ വാസസ്ഥലം നരകമാകുന്നു. നിങ്ങൾക്ക് സഹായികളാരും ഇല്ലതാനും.

35. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ പരിഹാസ്യമാക്കിത്തീർക്കുകയും ഐഹികജീവിതം നിങ്ങളെ വഞ്ചിക്കുകയും ചെയ്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ആകയാൽ ഇന്ന് അവർ അവിടെ നിന്ന് പുറത്തയക്കപ്പെടുന്നതല്ല. അവരോട് പ്രായശ്ചിത്തം ആവശ്യപ്പെടുകയുമില്ല.

36. അപ്പോൾ ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും ലോകരുടെ രക്ഷിതാവുമായ അല്ലാഹുവിനാണ് സ്തുതി.

37. ആകാശങ്ങളിലും ഭൂമിയിലും അവന്നു തന്നെയാകുന്നു മഹത്വം. അവൻ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും.

30). ഈ രണ്ട് വിഭാഗത്തെയും അല്ലാഹു എന്തു ചെയ്യുമെന്ന് വേർതിരിച്ചു പറഞ്ഞു. (എന്നാൽ വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവരാരോ) ശരിയായി വിശ്വസിച്ചും ഐഛികവും നിർബന്ധവുമായ സൽപ്രവർത്തനങ്ങൾ ചെയ്ത് വിശ്വാസത്തെ സത്യസന്ധമാക്കിയവർ. (അവരെ അവരുടെ രക്ഷിതാവ് തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്). കാരുണ്യത്തിന്റെ സ്ഥാനം സ്വർഗമാണ്. അതിലുള്ള നിത്യസുഖാനുഗ്രഹങ്ങളും സുരക്ഷിത ജീവിതവും. (അതുതന്നെയാകുന്നു വ്യക്തമായ ഭാഗ്യം). അതായത് വിജയവും രക്ഷയും ലാഭവും വ്യക്തമായ വിജയം ഒരടിമ കരസ്ഥമാക്കിയാൽ എല്ലാ നന്മയും അവൻ കരസ്ഥമാക്കി. എല്ലാ തിന്മയും അവനിൽ നിന്നൊഴിവായി.

31). (എന്നാൽ അവിശ്വസിച്ചവർ) അല്ലാഹു അവരെ അപമാനിച്ചും ആക്ഷേപിച്ചും പറയും. (എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിക്കപ്പെട്ടിരുന്നില്ലേ?) അതിലൂടെ നിങ്ങൾക്ക് ഗുണകരമായത് അറിയിച്ചുതരികയും ദ്രോഹകരമായത് നാം വിരോധിക്കുകയും ചെയ്തിരുന്നു). നിങ്ങൾ അതിനോട് യോജിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് കിട്ടിയ ഏറ്റവും വലിയ അനുഗ്രഹം അതാകുമായിരുന്നു. (എന്നിട്ട് നിങ്ങൾ അഹങ്കരിക്കുകയും) അതിൽനിന്ന് അതിനെ അവഗണിക്കുകയും നിഷേധിക്കുകയും ചെയ്തു. അങ്ങനെ നിങ്ങൾ ഏറ്റവും വലിയ കുറ്റം ചെയ്തു. ഇന്ന് നിങ്ങൾ പ്രവർത്തിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും.

32). ഈ വാക്കുകൊണ്ടും അവരെ അപമാനിക്കും. (തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. ആ അന്ത്യസമയമാകട്ടെ അതിന്റെ കാര്യത്തിൽ യാതൊരു സംശയവുമില്ല എന്ന് പറയപ്പെട്ടാൽ) അതിനെ നിഷേധിച്ചുകൊണ്ട് അവർ പറയും: (എന്താണ് അന്ത്യസമയമെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ). ഞങ്ങൾക്ക് ഒരുതരം ഊഹം മാത്രമാണുള്ളത്. ഞങ്ങൾക്കൊരുറപ്പുമില്ല. ഇഹലോകത്ത് അവരുടെ അവസ്ഥ ഇതാണ്. ഉയിർത്തെഴുന്നേൽപിനെ അവർ നിഷേധിക്കുന്നു. അത് പറയാൻ വന്നവരുടെ വാക്കി




നെ അവർ തള്ളിക്കളയുകയും ചെയ്യുന്നു.

33). അല്ലാഹു പറയുന്നു: (തങ്ങൾ പ്രവർത്തിച്ചതിന്റെ ദൂഷ്യങ്ങൾ അവർക്ക് വെളിപ്പെടുന്നതാണ്) ഉയിർത്തെഴുന്നേൽപ് നാളിൽ അവരുടെ പ്രവർത്തനങ്ങൾക്കുള്ള ശിക്ഷകൾ അവർക്ക് വെളിപ്പെടും. (അതവരെ വലയം ചെയ്യുന്നതുമാണ്) അതായത് ആ ശിക്ഷ ഇറങ്ങും. (ഇവർ എന്തിനെയാണോ പരിഹസിച്ചുകൊണ്ടിരുന്നത് അത്). ശിക്ഷ സംഭവിക്കുന്നതിനെയും അതിനെക്കുറിച്ച് അറിയിക്കാൻ വന്നവനെയും ഇഹലോകത്തുവെച്ച് അവർ പരിഹസിക്കാറുണ്ടായിരുന്നു. ആ ശിക്ഷയാണ് അവർക്കിറങ്ങുന്നത്.

34). (അവരോട് പറയപ്പെടും: ഇന്ന് നിങ്ങളെ നാം മറന്നുകളയുന്നു). നിങ്ങളെ നാം ശിക്ഷയിൽ ഉപേക്ഷിക്കുന്നു. (നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്നത് നിങ്ങൾ മറന്നതു പോലെ). പ്രതിഫലം പ്രവർത്തനത്തിന് സമാനമായിരിക്കും. (നിങ്ങളുടെ വാസസ്ഥലം നരകമാകുന്നു). അതായത് നിങ്ങളുടെ മടക്കസ്ഥലവും വിധിയും. (നിങ്ങൾക്ക് സഹായികളാരും ഇല്ലതാനും). അല്ലഹുവിന്റെ ശിക്ഷയിൽനിന്ന് സഹായിക്കാനും പ്രതിരോധിക്കാനും.

35) (അത്) ഈ ശിക്ഷ നിങ്ങൾക്ക് ലഭിക്കാൻ കാരണം നിങ്ങൾ (അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ പരിഹാസ്യമാക്കിത്തീർത്തു). നിർബന്ധമായും നിങ്ങൾ പരിശ്രമിക്കേണ്ടതും സന്തോഷത്തോടെ ഏറ്റെടുക്കേണ്ടതും ആയിരുന്നിട്ടും (ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കുകയും ചെയ്തു) അതിലെ മോടികളും ആസ്വാദനങ്ങളും. അതിൽ നിങ്ങൾ സമാധാനം കണ്ടെത്തി. അതിനുവേണ്ടി പ്രവർത്തിച്ചു. ശേഷിക്കുന്ന ലോകത്തിനുവേണ്ടിയുള്ള പ്രവർത്തങ്ങൾ ഉപേക്ഷിക്കുകയും ചെയ്തു. (ആകയാൽ ഇന്ന് അവർ അവിടെനിന്ന് പുറത്താക്കപ്പെടുന്നതല്ല, അവരോട് പ്രായശ്ചിത്തം ആവശ്യപ്പെടുകയുമില്ല). അതായത് അവർക്ക് സാവകാശം നൽകപ്പെടുകയോ ചെയ്യാൻ വീണ്ടും ഇഹലോകത്തേക്ക് തിരിച്ചയക്കപ്പെടുകയോ ഇല്ല.

36) (അല്ലാഹുവിനാണ് സ്തുതി) അവന്റെ ഉന്നത അധികാരത്തിനും മഹത്ത്വത്തിനും യോജിക്കുംവിധം. (ആകാശങ്ങളുടെ രക്ഷിതാവും ഭൂമിയുടെ രക്ഷിതാവും ലോകരുടെ രക്ഷിതാവുമായ) മറ്റു സൃഷ്ടികളെയും സംരക്ഷിക്കുന്നവൻ എന്ന നിലയിൽ അവനാണ് സ്തുതി. അവൻ അവരെ സൃഷ്ടിക്കുകയും വളർത്തുകയും ചെയ്യുന്നു. പ്രത്യക്ഷവും പരോക്ഷവുമായ അനുഗ്രഹങ്ങൾ അവൻ അവർക്ക് നൽകുന്നു.

37) (ആകാശങ്ങളിലും ഭൂമിയിലും അവനുതന്നെയാകുന്നു മഹത്ത്വം) മഹത്ത്വവും ശ്രേഷ്ഠതയും അവനാണ്. അല്ലാഹുവിനെ അവന്റെ പൂർണ വിശേഷണങ്ങളാൽ പുകഴ്ത്തുന്നതാണ് സ്തുതി; അവനെ സ്നേഹിക്കലും ആദരിക്കലും. (കിബ്‌രിയാഅ്) എന്നതിൽ അവന്റെ മഹത്ത്വവും പ്രതാപവും ഉൾക്കൊള്ളുന്നു. രണ്ട് പ്രധാന അവലംബങ്ങളിലാണ് ആരാധന രൂപപ്പെടുന്നത്. അല്ലാഹുവിനെ സ്നേഹിക്കലും അവനെ ഇഷ്ടപ്പെടലും. അവ രണ്ടും ഉണ്ടാകുന്നത് അല്ലാഹുവിനെ സ്തുതിക്കാനുള്ള കാരണങ്ങളും അവന്റെ മഹത്ത്വവും പ്രതാപവും അറിയുന്നതിൽനിന്നാണ്. (അവൻ പ്രതാപിയാണ്). എല്ലാ വസ്തുക്കളെയും അടക്കി ഭരിക്കുന്നവൻ. (യുക്തിമാൻ) എല്ലാ കാര്യങ്ങളും അതാതിന്റെ സ്ഥാനത്ത് അവൻ നിശ്ചയിക്കുന്നു. അവന്റെ നിയമങ്ങളെല്ലാം യുക്തിയും നന്മയും നിറഞ്ഞതാണ്. ലക്ഷ്യമോ പ്രയോജനമോ കാണാതെ ഒന്നിനെയും അവൻ സൃഷ്ടിക്കുന്നുമില്ല.

# ഇഷ്ടം അല്ലാഹുവിനോടും റസൂലിനോടും

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
: 9947452245

ചില നിലപാടുകൾ നമ്മുടെ വ്യക്തിത്വത്തിൽ നാം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. നബി(സ്വ) വിശ്വാസത്തിന്റെ മാധുര്യം ലഭിച്ച ആളുകളെപ്പറ്റി നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. വിശ്വാസം എന്നത് വേഷഭൂഷാധികളിലോ ആവഭാവ പ്രകടനങ്ങളിലോ അല്ല എന്ന് നമുക്കറിയാം. നമ്മുടെ വ്യക്തിപരമായ ചില സമീപനങ്ങളും നിലപാടുകളും നമ്മൾ മാറ്റിയെടുക്കണം .

നബി(സ്വ) പറഞ്ഞു: 'മൂന്ന് സ്വഭാവങ്ങൾ ഒരാളിൽ ഉണ്ടെങ്കിൽ വിശ്വാസത്തിന്റെ മാധുര്യം അവൻ തീർച്ചയായും അനുഭവിക്കുന്നതാണ്.'

ആ മൂന്ന് കാര്യങ്ങൾ അഥവാ വിശ്വാസത്തിന്റെ മാധുര്യം അനുഭവിക്കുന്ന മനസ്സിന്റെ വിശേഷണങ്ങൾ നബി(സ്വ) പഠിപ്പിക്കുന്നത് താഴെ പറയുന്ന വിധമാണ്:

ഒന്ന്: ഒരാളെ സംബന്ധിച്ചിടത്തോളം അവന് ഏറ്റവും ഇഷ്ടപ്പെട്ടത് അവന്റെ കുടുംബം, കച്ചവടം, സമ്പത്ത്, അവന്റെ വ്യക്തിപരമായ സുഖസൗകര്യങ്ങൾ, വീട് എന്നിവയെല്ലാമായിരിക്കും. എന്നാൽ ഇവയോടുള്ള ഇഷ്ടത്തെക്കാൾ അധികം ഒരാൾക്ക് ഇഷ്ടപ്പെട്ടത് അല്ലാഹുവും അവന്റെ റസൂലും ആയിരിക്കണം. അഥവാ മറ്റെന്തു വ്യക്തിപരമായ താൽപര്യത്തെക്കാളും അല്ലാഹുവിന്റെയും മുഹമ്മദ് നബി (സ്വ)യുടെയും കൽപനകൾക്കും നിർദേശങ്ങൾക്കും അനുസരിച്ച് തന്റെ മനസ്സിനെ മാറ്റിയെടുക്കുന്ന ഒരു അവസ്ഥയിലേക്ക് നാം ഉയരണം. അഥവാ അല്ലാഹുവിന്റെയും റസൂലിന്റെയും ഇഷ്ടമെന്താണോ അതായിരിക്കുക നമ്മുടെ ഇഷ്ടം. അവരുടെ കൽപനകൾക്കപ്പുറത്ത് നമുക്ക് യാതൊരു തരത്തിലുള്ള സ്വാർഥതകളോ താൽപര്യങ്ങളോ ഇഷ്ടങ്ങളോ ഇല്ലാതിരിക്കുക; ഇതാണ് നാം ഉണ്ടാക്കിയെടുക്കേണ്ട ഒന്നാമത്തെ നിലപാട്.

രണ്ട്: ഒരാളെ നാം ഇഷ്ടപ്പെടുന്നത് അവൻ നമ്മുടെ പാർട്ടിക്കാരനായതുകൊണ്ടോ കുടുംബക്കാരനായതുകൊണ്ടോ നമുക്ക് അവനിൽനിന്ന് വല്ല ഗുണവും ലഭിക്കാനുള്ളതുകൊണ്ടോ ആകരുത്; മറിച്ച് അല്ലാഹുവിന് വേണ്ടി ഇഷ്ടപ്പെടുക. അഥവാ മനുഷ്യബന്ധങ്ങളെ ആത്മാർഥമായി നിലനിർത്തുക. ഒരു തിന്മ ഒരാളിൽ കണ്ടാൽ ആ തിന്മയെ നിരാകരിക്കാനും നന്മ കണ്ടാൽ ആ നന്മയെ സ്വീകരിക്കാനുമുള്ള ഒരു മാനസികാവസ്ഥ നാം ഉണ്ടാക്കിയെടുക്കുക. ഒരു ശത്രു നന്മ ചെയ്താലും ആ നന്മയെ സ്വീകരിക്കാനും ഒരു മിത്രം തിന്മ ചെയ്താൽ ആ തിന്മയെ നിരാകരിക്കാനും നമുക്ക് കഴിയണം. ഇങ്ങനെ സത്യസന്ധതയുടെ അടിസ്ഥാനത്തിൽ മനുഷ്യബന്ധങ്ങൾ സ്ഥാപിക്കുക എന്നതാണ് നമ്മുടെ മനസ്സിന് ഉണ്ടായിരിക്കേണ്ട മറ്റൊരു നിലപാട്.

മൂന്ന്: നമ്മെ പിടിച്ച് കൊണ്ടുപോയി തീയിലേക്ക് വലിച്ചെറിയുന്നതിനെ എത്രമാത്രം നാം അസഹ്യമായി കാണുന്നുണ്ടോ അതിനെക്കാൾ അധികം അസഹ്യത തിന്മചെയ്യുന്നതിനെപ്പറ്റി നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. തിന്മചെയ്യുക എന്നത് നരകത്തിലേക്കുള്ള വഴിയാണെന്നും ഞാൻ എന്നെത്തന്നെ നരകത്തിലേക്ക് ചുരുട്ടിക്കൂട്ടി എറിയുന്നതിന് തുല്യമാണെന്നും തിരിച്ചറിയുക. അങ്ങനെ ഞാൻ ഒരു തിന്മയിലേക്കും പോകില്ല എന്ന മാനസിക നിലപാട് നമുക്ക് ഉണ്ടായിരിക്കുക.

ഇത്തരത്തിലുള്ള നിലപാടുകൾ നേടിയെടുക്കാനും നമ്മുടെ മനസ്സിനെ ആ നിലയ്ക്ക് ശുദ്ധീകരിച്ച് ഉയർത്തിക്കൊണ്ടുവരാനും നമുക്ക് സാധിക്കേണ്ടതുണ്ട്. ■






GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 SEPTEMBER 17

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

